Rs. 8.00

# ഓശാന

## HOSANNA

April - June 2017 Vol. 42 Issue 3

ഏപ്രിൽ - ജൂൺ 2017

(3) സീറോ മലബാർ സഭാ സിനഡ്
- ജോസഫ് പുലിക്കുന്നേൽ

(7) റീത്ത് വ്യത്യാസമില്ലാതെ മെത്രാന്മാർ
അറിയുന്നതിന്

(17) മാർത്തോമ്മാ നസ്രാണികളുടെ തനതു
പാരമ്പര്യങ്ങൾ - റവ. ഡോ.ജയിംസ് ചവറപ്പുഴ

(25) മാറ്റേണ്ട മനോഭാവങ്ങൾ - ജയിംസ് ഐസക്

(28) കൊടുങ്ങല്ലൂർ സെന്റ് തോമസ് ദേവാലയ പ്രശ്നം

(30) മതവിശ്വാസികൾ എല്ലാം മൗലികവാദികൾ
- തോമസ് വടക്കേക്കുറ്റ്

(33) സഭാനിയമങ്ങൾ രാജ്യത്തിന്റെ നിയമങ്ങളെ
മറികടക്കരുതെന്ന് സുപ്രീം കോടതി

(34) കത്തോലിക്കാ കോൺഗ്രസ്

(35) ലൂർദ് പള്ളിപ്രശ്നവും അത്മായ
അസ്സോസിയേഷനും

(39) ദൈവകൃപയോ തട്ടിപ്പോ?-
ജയിംസ് ഐസക്

1) കല്ലു നിലത്തിടുക

ഭാരതീയ ക്രൈസ്തവ പഠനകേന്ദ്ര പ്രസിദ്ധീകരണം

## HOSANA
**(Quarterly)**

Vol. 42 Issue 3 Price Rs. 8

Founded in October - 1975
A Publication of the Indian Institute of Christian Studies.
Founder & Editor
**Joseph Pulikunnel**
Printed & published by:
**Joseph Pulikunnel**
Phone (O) **: 04822 - 236907**
Mob **: 9447196214, 9495586102**
E-mail :
hosannamountinfo@gmail.com
website:www. hosannamount.com

അംഗത്വഫീസ് (വരിസംഖ്യ)

| കാലയളവ് / | ഇന്ത്യയിൽ / | വിദേശത്ത് |
|---|---|---|
| 1 വർഷം | 90 രൂപ | 750 രൂപ |
| ഒറ്റപ്രതി | 8 ,, | 80 |

All Correspondence, Articles, M.O. and Bank drafts:
**To**
**Joseph Pulikunnel**
**Hosanna Mount,**
**Edamattom P.O.**
**Kottayam Dist.,**
**Kerala - 686 578**

Published and printed by Joseph Pulikunnel on behalf of Indian Institute of Christian Studies and Printed at
CRLS Press, Hosanna Mount , Edamattom P.O. Kottayam Dist, Kerala - 686578
Editor : Joseph Pulikunnel


# സുവിശേഷം

"യോഹന്നാന്റെ ദൂതർ പോയപ്പോൾ, യേശു യോഹന്നാനെപ്പറ്റി ജനക്കൂട്ടത്തോടു സംസാരിക്കാൻ തുടങ്ങി. 'എന്തു കാണാനായിരുന്നു നിങ്ങൾ മരുഭൂമിയിലേക്കു പോയത്? കാറ്റിൽ ഉലയുന്ന ഞാങ്ങണയോ? പിന്നെ, എന്തു കാണാനാണ് നിങ്ങൾ പോയത്? പട്ടുവസ്ത്രങ്ങൾ അണിഞ്ഞവനെയോ? നോക്കൂ! മോടിയുള്ള വസ്ത്രങ്ങൾ ധരിക്കുന്നവരും ആഡംബരത്തിൽ ജീവിക്കുന്നവരും രാജസദസ്സുകളിലാണുള്ളത്. പിന്നെ, എന്തു കാണാനാണ് നിങ്ങൾ പോയത്? ഒരു പ്രവാചകനെയോ? അതേ, ഞാൻ നിങ്ങളോടു പറയുന്നു: പ്രവാചകനെക്കാൾ വലിയവനെ. ഇയാളെപ്പറ്റിയാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്: "ഇതാ, നിനക്കു മുമ്പിൽ എന്റെ ദൂതനെ ഞാൻ അയയ്ക്കുന്നു. അയാൾ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും." ഞാൻ നിങ്ങളോടു പറയുന്നു: സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവനില്ല. എങ്കിലും ദൈവരാജ്യത്തിലെ ഏറ്റം ചെറിയവൻ പോലും അയാളെക്കാൾ വലിയവനാണ്."

(ലൂക്കോ. 7 : 12 – 18)

**April - June 2017**

# സീറോ മലബാർ സഭാ ഡിനഡ്

ജോസഫ് പുലിക്കുന്നേൽ

സീറോ മലബാർ സഭയ്ക്ക് 50 ലക്ഷം വിശ്വാസികളും 32 രൂപതകളും 58 മെത്രാന്മാരും 2,875 ഇടവകകളും 4,065 രൂപതാ വൈദികരും 3,540 സന്യാസസമൂഹങ്ങളിലെ വൈദികരും 36,000 സന്യാസിനികളും നിലവിലുണ്ട് എന്ന് 25-ാമത്തെ സിനഡിൽ പ്രസ്താവിക്കുകയുണ്ടായി എന്ന പത്രവാർത്തകണ്ടു.

ഭാരത നസ്രാണികളുടെ പാരമ്പര്യമനുസരിച്ച് വേലികളിലേക്കു മടങ്ങി പുതിയ ഒരു ഭരണസമ്പ്രദായം കെട്ടിപ്പടുക്കുന്നതിനാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ അനുസരിച്ച് സീറോമലബാർ സഭയെ ഒരു വ്യക്തിസഭയായി റോമാ പ്രഖ്യാപിച്ചത്.

ഒരു വമ്പിച്ച സേനാസംവിധാനമാണ് സീറോമലബാർ സഭയ്ക്കുള്ളത്. അപ്പസ്തോലനായ മാർത്തോമ്മായാൽ സ്ഥാപിക്കപ്പെട്ടു എന്നു പറയുന്ന ഈ സഭയ്ക്ക് സ്വതന്ത്രമായ ഒരു ഭരണ സമ്പ്രദായം ഉണ്ടായിരുന്നു. അതായത് മാർത്തോമ്മായുടെ നിയമം. ആ നിയമം പുനസ്ഥാപിക്കുക എന്നതായിരുന്നു റോമായുടെയും സീറോമലബാർ വിശ്വാസികളുടെയും ലക്ഷ്യം. 1599-ൽ ഉദയംപേരൂർ സൂനഹദോസിലൂടെ ഈ സഭയെ റോമായുടെ കീഴിലാക്കുകയും ലത്തീൻ ഭരണമനുസരിച്ചുള്ള ഭരണ സമ്പ്രദായം പോർട്ടുഗീസുകാർ സ്ഥാപിക്കുകയും ചെയ്തു. ന്യായമായും പോർട്ടുഗീസുകാർക്ക് കേരളത്തിലെ ക്രിസ്ത്യാനികളെയെല്ലാം റോമിന്റെ ഭരണസമ്പ്രദായത്തിൻ കീഴിൽ കൊണ്ടുവരണമെന്ന് ആഗ്രഹമുണ്ടായിരുന്നു. പോർട്ടുഗീസ് അധിനിവേശത്തിനെതിരെ ധീരരായ മലങ്കര ക്രിസ്ത്യാനികൾ നടത്തിയ സമരത്തിന്റെ ഫലമായാണ് റോമാ കേരള നസ്രാണി സഭയ്ക്ക് സ്വാതന്ത്ര്യം കൊടുത്തത്. ഉദയംപേരൂർ സൂനഹദോസിനുശേഷം ആരംഭിച്ച നസ്രാണിക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം ആദ്യമായി പൊട്ടി ഒഴുകിയത് കൂനൻ കുരിശുസത്യത്തിലൂടെയായിരുന്നു. ആയിരക്കണക്കിനു നസ്രാണികൾ പോർട്ടുഗീസുകാരുടെ ഭരണകേന്ദ്രമായിരുന്ന മട്ടാഞ്ചേരിയിൽ കൂട്ടത്തോടെ എത്തി തങ്ങളും തങ്ങളുടെ പിൻമുറക്കാരും പോർട്ടുഗീസുകാരുടെ കീഴിൽ (പൗലസ്ത്യർ) ജസ്വീത്തരെ അനുസരിക്കയില്ലെന്നും തങ്ങളുടെ ആർച്ചുഡീക്കനെ മാത്രമേ ഭരണകർത്താവായി സ്വീകരിക്കുകയുള്ളുവെന്നും തിരികൾ കത്തിച്ചും വേദപുസ്തകവും കുരിശും കൈകളിൽ പിടിച്ചുകൊണ്ടും സത്യം ചെയ്തു. (സഭയുടെ ഭരണാധികാരികളായിരുന്ന ഈശോസഭാ വൈദികർ താമസിച്ചിരുന്നത് സെന്റ് പോൾ സെമിനാരി എന്ന സ്ഥലത്തായിരുന്നു. അങ്ങനെയാണ് പൗലസ്ത്യർ എന്ന പേര് പോർട്ടുഗീസ് സഭാ ഭരണാധികാരികൾക്ക് കിട്ടിയത്). അന്ന് ആരം

ഭിച്ച സമരമാണ് കേരളസഭയെ രണ്ടാം വത്തിക്കാൻ സൂനഹദോസ് വരെ എത്തിച്ചത്.

1952–ൽ കേരളത്തിൽ ചങ്ങനാശ്ശേരി, എറണാകുളം, തൃശൂർ, താമര ശ്ശേരി എന്നിവിടങ്ങളിലായിരുന്നു സീറോമലബാർ മെത്രാന്മാരുണ്ടായി രുന്നത്. തിരുവനന്തപുരത്തും കൊല്ലത്തും ആലപ്പുഴയിലും കോഴിക്കോട്ടും കൊച്ചിയിലും വരാപ്പുഴയിലും ഓരോ ലത്തീൻ രൂപതകളും ഉണ്ടായി രുന്നു. അന്ന് ഈ രൂപതകളിലെല്ലാംകൂടി എത്ര ക്രിസ്ത്യാനികൾ ഉണ്ടാ യിരുന്നു എന്ന് കണക്കില്ല. എങ്കിലും സീറോ മലബാർ ഹൈരാർക്കി സ്ഥാപിച്ചതോടുകൂടി 32 രൂപതകളും 58 മെത്രാന്മാരും സീറോ മലബാർ സഭയ്ക്ക് ഉണ്ടായതായി കാണുന്നു. മാത്രമല്ല ഈ മെത്രാന്മാരെല്ലാം ലത്തീൻ, സമ്പ്രദായത്തിൻകീഴിൽ നിയമിക്കപ്പെട്ടവരാണ്. വേഷവിധാ നവും അധികാരസംവിധാനവും പഴയ ലത്തീൻ രൂപതയുടേതുതന്നെ.

കൂനൻ കുരിശുസത്യത്തിനുശേഷം സഭ രണ്ടായി പിളർന്നു. അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിൽ ഭരിക്കപ്പെട്ടുപോന്ന യാക്കോബായ സഭ ഇതി നുശേഷം പലതായി പിളർന്നു. ഓർത്തഡോക്സ് സഭയും മാർത്തോമ്മാ സഭയും ഈ പിളർപ്പുകളുടെ ഉച്ഛിഷ്ടങ്ങളാണ്. ഈ ഭിന്നിപ്പുകളിലും പിളർ പ്പുകളിലും ക്രിസ്തുവിനു പങ്കുണ്ടോ? ഒരിക്കലുമില്ല. ഇതെല്ലാം ക്രിസ്തു വിനുവേണ്ടിയോ ക്രിസ്തുവിന്റെ വചനങ്ങളുടെ പ്രചാരണത്തിനുവേണ്ടി യായിരുന്നോ? അല്ല. മെത്രാന്മാരുടെ സുഖജീവിതത്തിനും പണത്തിനും അധികാരത്തിനും വേണ്ടി മാത്രമായിരുന്നില്ലേ? സാധാരണക്കാരായ വിശ്വാ സികളെ ചൂഷണംചെയ്ത് അധികാരത്തിനും രാജകീയ പദവിക്കുമായി മത്സരിക്കുന്ന ഇവർ ക്രിസ്തുവിന്റെ കർമ്മമാർഗങ്ങളെയും 16–ാം നൂറ്റാണ്ടുവരെ ഒന്നായിരുന്ന നസ്രാണി സഭാപാരമ്പര്യത്തെയും വിസ്മരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ആഗ്രഹിച്ചത് ഈ സഭകളുടെ ഐക്യമായിരുന്നു. എന്നാൽ ഇന്നും മാർത്തോമ്മായുടെ പാരമ്പര്യത്തിൽപെട്ട യാക്കോബായ – ഓർത്തഡോക്സ് മാർത്താമ്മാ സഭകൾ വ്യത്യസ്തങ്ങളായി നിലകൊ ള്ളുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ആഗ്രഹിച്ചതുപോലെയുള്ള മാർ ത്തോമ്മാ പാരമ്പര്യമുള്ള സഭകളുടെ ഐക്യം ഇനിയും രൂപം കൊണ്ടി ട്ടില്ല. കാരണം സീറോമലബാർ സഭയ്ക്ക് അവളുടെ പാരമ്പര്യത്തിലേക്ക് മടങ്ങിപ്പോകാൻ കഴിഞ്ഞിട്ടില്ല. സിനഡിന്റെ പ്രസ്താവനയിൽ ഈ സീറോ മലബാർ സഭയുടെ രൂപതകളുടെ എണ്ണം 32 ആയും മെത്രാന്മാരുടെ എണ്ണം 58 ആയും ഇടവകകളുടെ എണ്ണം 2,875 ആയും ഉയർന്നതായി കാണുന്നു. ഇത് സഭയുടെ വളർച്ചയല്ല, മറിച്ച്, പോർട്ടുഗീസുകാരെപ്പോലെതന്നെ യുള്ള അധീശത്വ മനോഭാവത്തിലാണ് രൂപതകളുടെ എണ്ണം വർദ്ധിച്ചത്. ഇടവകകൾ എന്നാൽ നസ്രാണികൾക്ക് പ്രത്യേകമായ ഒരു അർഥമാണ് ഉണ്ടായിരുന്നത്. ഇടവകകൾ വിശ്വാസികളുടെ നിർണയംകൊണ്ടാണ് രൂപം കൊണ്ടിരുന്നത്. എന്നാൽ, രൂപതകളിൽ വിശ്വാസികൾക്കിടയിൽ ഉണ്ടാക്കിയ വിഭജനം മൂലമാണ് ഇന്ന് ഇടവകകൾ രൂപം കൊള്ളുന്നത്.

സീറോമലബാർ സഭയുടെ പാരമ്പര്യത്തെക്കുറിച്ച് പറയുമെങ്കിലും പാരമ്പര്യങ്ങളിൽ സുപ്രധാനമായ പലതും ഇന്ന് അവഗണിക്കപ്പെടുകയാണ്. ഉദാഹരണത്തിന് ഇടവകകൾ. ഇടവകകൾ രൂപീകരിക്കുന്നത് ഇന്ന് മെത്രാന്മാരാണ്. ഇടവകയുടെ ഭരണം നസ്രാണി പാരമ്പര്യമനുസരിച്ച് പൂർണമായും വിശ്വാസികളിലാണ് നിക്ഷിപ്തമായിരുന്നത്. ഇന്ന് ഇടവകയുടെ ഭരണം വികാരിമാരിലും മെത്രാന്മാരിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇടവകസ്വത്തും സ്ഥാപനങ്ങളുമെല്ലാം മെത്രാന്മാരുടെതായിട്ടാണ് പൗരസ്ത്യ കാനോൻ നിയമം വിഭാവനം ചെയ്തിരിക്കുന്നത്. പൗരസ്ത്യ കാനോൻ നിയമം പാശ്ചാത്യ കാനോൻ നിയമത്തിന്റെ തനി പകർപ്പാണ്. സീറോമലബാർ സഭയ്ക്ക് സ്വയം ഭരണാവകാശമുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അത് ഗ്രന്ഥങ്ങളിൽ മാത്രമാണ്. കൂനൻകുരിശുസത്യത്തോടുകൂടി റോമാ സഭയുമായി വേർപെട്ട സഭകളും അന്ന് സഭകളിൽ നിലനിന്നിരുന്ന സ്വയംഭരണാവകാശവും സീറോമലബാർ സഭയ്ക്ക് ഇന്ന് ലഭിച്ചിട്ടില്ല. അവരുടെ ഇന്നത്തെ സംസാരം കേട്ടാൽ ക്രിസ്തു ഒരു പാശ്ചാത്യനോ റോമാക്കാരനോ ആണെന്ന് തോന്നും. പത്രോസിന്റെ സിംഹാസനത്തെക്കുറിച്ച് പറയുന്നുണ്ടെങ്കിലും ശിഷ്യപ്രമുഖനായ പത്രോസിന്റെ നിയമംതന്നെയായിരുന്നു മാർത്തോമ്മായുടെ നിയമവും. പക്ഷേ സീറോമലബാർ സഭകളിലെ വിശ്വാസികൾ ഉയർത്തിപ്പിടിച്ചിരുന്ന മാർത്തോമ്മായുടെ നിയമം പൂർണമായും അവഗണിക്കപ്പെട്ടിരിക്കുകയാണ്. പാറേമ്മാക്കൽ ഗോവർണദോർ മുതൽ പ്ലാസിഡ് അച്ചൻവരെയുള്ള സഭാനേതാക്കന്മാർ ഇവിടെ പൂർണമായി അവഗണിക്കപ്പെട്ടിരിക്കുകയാണ്. സീറോമലബാർ സഭ ഇന്ന് ഒരു കൊളോണിയൽ സമ്പ്രദായത്തിലാണ് വളരുന്നത്. സീറോമലബാർ വിശ്വാസികൾ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇതര പ്രദേശങ്ങളിൽ കുടിയേറി പാർത്തു. അവരെ മുഴുവൻ കൊളോണിയൽ സമ്പ്രദായത്തിൽ സീറോ മലബാർ മെത്രാന്മാരുടെ അടിമത്വത്തിൻ കീഴിൽ കൊണ്ടുവരികയാണ് ചെയ്തത്. കേരളത്തിനുപുറത്തുള്ള ഈ രൂപതകൾ യഥാർഥത്തിൽ കൊളോണിയൽ രൂപതകളാണ്. ഇവിടെ നിന്നും മെത്രാന്മാരെ നിയമിച്ച് കേരളത്തിനു പുറത്ത് കൊളോണിയൽ ഭരണം നടത്തുകയാണ് സീറോ മലബാർ ഹയരാർക്കി ചെയ്തുകൊണ്ടിരിക്കുന്നത്. ബോംബെയിലും മദ്രാസിലുമെല്ലാം ഇന്ന് യഥാർഥത്തിൽ സീറോ മലബാർ സഭ കത്തോലിക്കാ സഭയുടെ പുറത്താണ്. സഭയുടെ കൂദാശകൾ ഒന്നാണ് എന്ന് പ്രഖ്യാപിക്കുന്നുണ്ടെങ്കിലും തികച്ചും വ്യത്യസ്തങ്ങളായാണ് വിശാസികൾക്ക് അനുഭവപ്പെടുന്നത്. ഈ വസ്തുത സീറോമലബാർ സഭയിലെ സിനഡിന്റെ പരിഗണനയ്ക്ക് വരേണ്ടതാണ്. പക്ഷേ സീറോമലബാർ സിനഡിൽ ഇത്തരം കാര്യങ്ങളൊന്നും ചർച്ച ചെയ്തതായി കാണുന്നില്ല.

റോമാ നിർമിച്ച പൗരസ്ത്യ കാനോൻനിയമം പൂർണമായി പിൻവലിച്ചുകൊണ്ട് ഒരു പുതിയ കാനോൻനിയമം സീറോമലബാർ സിനഡ് രൂപം

കൊടുക്കേണ്ടതാണ്. പോർട്ടുഗീസ് ആധിപത്യത്തിൻകീഴിൽ കേരളസഭയ്ക്ക് നഷ്ടപ്പെട്ടത് സഭയുടെ ഭരണ സംവിധാനത്തിൽ ഉണ്ടായിരുന്ന ജാതിക്കുകർത്തവ്യൻ പദവിയാണ്. മെത്രാന്മാർ ഇന്ന് സഭയുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഉടമയാകാൻ കാരണം സീറോമലബാർ സഭയുടെ അധിപ്രധാനമായ ഈ പദവി പോർട്ടുഗീസുകാർ ഇല്ലെന്നാക്കിയതാണ്. കൂനൻകുരിശ് സത്യം ഈ അർക്കാദിയാക്കോൻ പദവിയുടെ നിർത്തലാക്കലിന് എതിരായിട്ടായിരുന്നു. ഇത് ഇന്ന് ആർക്കറിയണം. ഇത് അറിയാവുന്ന ചരിത്രകാരന്മാർ ഇന്നുണ്ട്. അവർ തന്ത്രപൂർവം മൗനം പാലിക്കുകയാണ്. സീറോമലബാർ സിനഡ് യഥാർഥത്തിൽ ഒരു പോഷ്ക്കാണ്. റോമിൽനിന്നും നിയമിതരാകുന്ന മെത്രാന്മാരുടെ ഒരു സമ്മേളനം. അതും ലത്തീൻ സഭയുമായിട്ട് എന്താണ് വ്യത്യാസം. റോമാമാർപാപ്പായുടെ പരമാധികാരത്വം അംഗീകരിക്കുന്ന സീറോമലബാർ സഭയ്ക്ക് ആഭ്യന്തര സ്വാതന്ത്ര്യമാണ് ഇന്ന് ആവശ്യം. പേരിനൊരു മേജർ ആർച്ച് ബിഷപ്പിനെ നിയമിച്ചിട്ടുണ്ടെന്നുള്ളതൊഴിച്ചാൽ എന്തു വ്യത്യാസമാണ് സീറോ മലബാർ സഭയ്ക്ക് ലത്തീൻ സഭയുമായി ഉള്ളത്. കുറച്ചുപേർക്ക് കർദിനാൾ പദവിയും ഇതര പദവികളും ലഭിച്ചു എന്നതൊഴിച്ച് ഇവിടുത്തെ സഭയ്ക്ക് മറ്റ് ഒരു സ്വാതന്ത്ര്യവും ലഭിച്ചില്ല. വേഷവിധാനത്തിലോ അധികാരപ്രയോഗത്തിലോ യാതൊരു വ്യത്യാസവുമില്ല.

അടുത്ത സിനഡിൽ തുറന്നു ചർച്ചചെയ്യപ്പെടേണ്ട ഒരു വിഷയം സീറോ മലബാർ ആർച്ചു ബിഷപ്പിനു കീഴിലുള്ള ഉഴുവ സെന്റ് അന്നാസ് പള്ളി ഇടവകയിൽ അംഗമായിരുന്ന ലീലാമ്മ എന്ന ഒരു റിട്ടയേർട് അധ്യാപികയുടെ മൃതദേഹം അടക്കുന്നതിനെ പള്ളിവികാരി ഏകപക്ഷീയമായി നിരോധിച്ച് മൃതദേഹം ദഹിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചത് ശരിയാണോ എന്നാണ്. മൃതദേഹം ദഹിപ്പിക്കുന്നതിന് മക്കളെടുത്ത തീരുമാനം ഉചിതമായി. എന്നാൽ ഒരു ഇടവകക്കാരിയുടെ മൃതദേഹത്തിനു ഇടവകവികാരി നിയമപരമായി സംസ്കാരം നിഷേധിച്ചത് ഒരു വിശ്വാസിയുടെ വ്യക്തിത്വത്തിന്മേലുള്ള കടന്നുകയറ്റമാണ്. ഇത് മാർത്തോമ്മായുടെ നിയമം അനുസരിച്ച് ശരിയാണോ എന്ന് സിനഡ് ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. ഇത് ലീലാമ്മയുടെ കുടുംബത്തോടു ചെയ്ത വമ്പിച്ച അനീതിയായി കണ്ട് ആലഞ്ചേരി മെത്രാൻ പരിഹാരം കാണേണ്ടതാണ്. ഇക്കാര്യം സീറോമലബാർ സിനഡിൽ തുറന്ന ചർച്ചയ്ക്ക് ഇടമാക്കേണ്ടിയിരിക്കുന്നു.

എഡിറ്റർ **'ഓശാന'**
ഓശാനമൗണ്ട്, ഇടമറ്റം പി.ഒ.
കോട്ടയം - 686 578
മൊബൈൽ : 9447196214

# റീത്ത് വ്യത്യാസമില്ലാതെ മെത്രാന്മാർ അറിയുന്നതിന്

"ബൈബിൾ കത്തിച്ച പാസ്റ്റർ" എന്ന തലക്കെട്ടിൽ ബാബു ജോൺ വേട്ടമല 2016 ഡിസംബർ 12-ലെ ഗുഡ്ന്യൂസ് വീക്കിലിയിൽ (പേജ് 3) എഴുതിയ ലേഖനം ഞങ്ങൾ ഇവിടെ എടുത്തു പ്രസിദ്ധീകരിക്കുകയാണ്.

*"പാസ്റ്റർ ബൈബിൾ കത്തിച്ചു അതും പരസ്യമായി. ആരാധനാലയത്തിൽ സഭാവിശ്വാസികളെ സാക്ഷി നിർത്തി വേദപുസ്തകത്തിലെ പ്രസക്തമായ ഒരു പേജ് വലിച്ചുകീറിയെടുത്ത് താൻ കത്തിച്ചു. ഇക്കാര്യം മുൻകൂട്ടി പറയുകയും സംഭവം റിപ്പോർട്ടുചെയ്യാൻ പത്രക്കാരെ വിളിച്ചു വരുത്തുകയും ചെയ്തിരുന്നു.*

*അറുപത്തിനാലു വർഷം മുമ്പ് 1952 നവംബർ 30 അമേരിക്കയിലെ നോർത്ത് കരോളിനായിലാണ് ഇത്.*

*വിശുദ്ധ വേദപുസ്തകത്തിന്റെ പ്രസിദ്ധമായ ഇംഗ്ലീഷ് പരിഭാഷയായ ആർഎസ്.വി (Revised Standard Version) യിൽനിന്നാണ് ഈ പാസ്റ്റർ പേജ് കീറിയെടുത്തു കത്തിച്ചത്. ഇദ്ദേഹം എന്തിനാണ് ഇതു ചെയ്തതെന്നും ഇതിനു വഴിതെളിച്ച സാഹചര്യങ്ങളും, ഇതിന്റെ പരിണിതഫലവും തിരുവചനത്തെ സ്നേഹിക്കുന്ന സകലരും അറിഞ്ഞിരിക്കേണ്ടതാണ്. ഈ തിരിച്ചറിവില്ലാതെ ഇംഗ്ലീഷ് വേദപുസ്തകങ്ങൾ വായിക്കരുത്.*

*ദൈവവചനം സാധാരണ മനുഷ്യനു മനസിലാകുന്ന രീതിയിലും ഭാഷയിലും അവന്റെ കൈകളിൽ എത്തുന്നതിന് റോമൻ കത്തോലിക്ക മതനേതൃത്വം എന്നും എതിരായിരുന്നു. ഇതു ചരിത്രവസ്തുതയാണ്. ഇതിനെ ഭക്തന്മാർ എക്കാലത്തും എല്ലായിടത്തും ചെറുത്തു നിന്നിട്ടുണ്ട്. ഇവരിൽ പ്രമുഖരായിരുന്നു ഇംഗ്ലീഷുകാരായ ഭക്തന്മാർ. സാധാരണക്കാർ വേദപുസ്തകം വായിക്കുന്നതിൽ കത്തോലിക്കാ മതത്തിന് എന്താ കുഴപ്പം? കുഴപ്പം അവർക്കല്ല, അവരുടെ പിന്നിൽ പ്രവർത്തിക്കുന്ന പൈശാചിക ശക്തികൾക്കാണ്.*

*വിശുദ്ധ വേദപുസ്തകം സാധാരണ മനുഷ്യൻ തന്റെ ഭാഷയിൽ വായിച്ചാൽ ഗ്രഹിക്കാനിടയാകുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.*

*1. പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം, - എന്ന ദൈവീക ത്രിത്വത്തെക്കുറിച്ച്. ഇത് പിതാവ്, മാതാവ്, പുത്രൻ എന്നതല്ല.*

*2. യേശുക്രിസ്തുവിന്റെ കന്യകാജനനത്തെക്കുറിച്ച് - ഇതു ദൈവം അടയാളമായി നൽകിയ വാഗ്ദാനമാണ്.*

*3. ഈ യേശുക്രിസ്തു ലോകത്തിന്റെ ഏക രക്ഷിതാവും ദൈവ ത്തിനും മനുഷ്യനും ഇടയിലുള്ള ഏക മധ്യസ്ഥനുമാണ്. താൻ അനേകം രക്ഷാമാർഗങ്ങളിൽ ഒന്നും, അനേക മധ്യസ്ഥരിൽ ഒരുവനും എന്നല്ല.*

*4. യേശുക്രിസ്തു ജഡത്തിൽ വെളിപ്പെട്ട ദൈവപുത്രനാണ്.*

*5. യേശുക്രിസ്തു അനാദിയും ശാശ്വതവുമായി ദൈവത്തോടൊപ്പം ഉണ്ട്. പിതാവ് സൃഷ്ടിച്ച ഒരു സൃഷ്ടിയല്ല, ദൈവപുത്രനായ യേശുക്രി സ്തു.*

*6. വീണുപോയ മനുഷ്യനെ തിരഞ്ഞു രക്ഷിക്കാൻ മാനുഷിക ജഡ ത്തിൽ വെളിപ്പെട്ട ദൈവപുത്രനാണ് യേശുക്രിസ്തു. തന്റേത് സാധാ രണ ജനനവും, സാധാരണ ശരീരവും ആയിരുന്നില്ല.*

*7. യേശുക്രിസ്തുവിന്റെ ക്രൂശു മരണത്തിലുള്ള വിശ്വാസമാണു രക്ഷയ്ക്ക് നിദാനം.*

*8. ഇതു വിശ്വസിക്കുന്നവർ ഈ വിശ്വാസം ഏറ്റുപറഞ്ഞ് "പിതാവി ന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" സ്നാനം ഏൽക്കണം.*

*9. ഇങ്ങനെ യേശുക്രിസ്തുവിനോട് ചേർന്നവർ "ജഡത്തെ അല്ല, ആത്മാവിനെ അത്രേ അനുസരിച്ചു നടക്കേണ്ടത്."*

*10. ഇങ്ങനെ അല്ലാത്തവർ "കെടാത്ത തീയും ചാകാത്ത പുഴുവു മുള്ള" അഗ്നി നരകത്തിൽ ചെന്നു പതിക്കും.*

*11. യേശുക്രിസ്തു ഇന്ന് പിതാവായ ദൈവത്തിന്റെ മഹിമയിൽ ജീവി ക്കുന്നു.*

*12. യേശുക്രിസ്തു തന്റെ സഭയെ സ്വർഗത്തിൽ ചേർക്കുന്നതിനും അതിനുശേഷം ഈ ഭൂമിയെ ഭരിക്കുന്നതിനു തന്റെ സഭയുമായും വീണ്ടും വരും.*

*ഇവയോടൊപ്പം വിശുദ്ധ തിരുവത്താഴ ശുശ്രൂഷ, ആത്മനിറവ്, ആരാ ധന തുടങ്ങിയവയൊക്കെ ആഴത്തിൽ അന്തർലീനമായിരിക്കുന്നു.*

*ഇത്രയും കാര്യങ്ങൾ ഒരു വേദപുസ്തകത്തിൽ ഇല്ലെന്നിരിക്കട്ടെ. ആ പുസ്തകം മനുഷ്യൻ വായിക്കുന്നതുകൊണ്ട് ആർക്കെങ്കിലും എന്തെ ങ്കിലും ഗുണം ഉണ്ടോ? ഉണ്ട് - സാത്താന്. ഇതു വായിച്ചു പഠിക്കുന്ന ഒരു മനുഷ്യൻ ഏതെല്ലാം ബൈബിൾ കോളേജിൽനിന്ന് എത്രയെല്ലാം ഡിഗ്രികൾ എടുത്താലും അവൻ ഒരിക്കലും ദൈവഹിതം തിരിച്ചറിഞ്ഞ് അതിൽ എത്തുകയില്ല. കാരണം, ഈ പന്ത്രണ്ടുകൂട്ടം കാര്യങ്ങളാണു വേദപുസ്തകത്തിലെ കാതലായ ഉപദേശം.*

*1604-ാം ആണ്ടിൽ ഇംഗ്ലണ്ടിലെ ജെയിംസ് ഒന്നാമൻ രാജാവ് തന്റെ മേലുള്ള പ്രേരണകൾക്കു വശംവദനായിട്ടാണെങ്കിലും വേദപുസ്തകം*

*സാധാരണക്കാരന്റെ ഇംഗ്ലീഷ് ഭാഷയിലേക്കു വിവർത്തനം ചെയ്യാൻ അനുവാദം നൽകി. നാല്പതു ജ്ഞാനികളെ ഇതിനായി തിരഞ്ഞെടുത്തു. ഇവർ എബ്രായ, യവന, ലത്തീൻ ഭാഷകളിൽ നിപുണരായിരുന്നു എന്നതിലുപരി തികഞ്ഞ ഭക്തന്മാരായിരുന്നു എന്ന കാര്യം ഇന്നും പരിശോധിച്ചു മനസിലാക്കാവുന്നതാണ്.*

*പുരാതന കയ്യെഴുത്തു പ്രതികൾ മുതൽ റ്റിൻഡെയിലിന്റെയും കവർഡേലിന്റെയും ഭാഷാന്തരങ്ങൾവരെ സൂക്ഷ്മമായി പരിശോധിച്ച് ഈ നാല്പതുപേർ 1611-ഓടുകൂടി വിശുദ്ധവേദപുസ്തകത്തിന്റെ ആദ്യത്തെ സമ്പൂർണ ഇംഗ്ലീഷ് പരിഭാഷ രാജകീയനുമതിയോടെ പുറത്തിറക്കി. ഇതാണ് കിങ് ജെയിംസ് ബൈബിൾ അല്ലങ്കിൽ 'ഓതറൈസ്ഡ് വേർഷൻ' എന്നു പറയുന്നത്.*

*അടുത്ത മൂന്നൂറിൽപരം വർഷങ്ങൾ ഇംഗ്ലീഷുകാർ ഈ പുസ്തകം നെഞ്ചിലേറ്റി നടന്നു. ഇതു പഠിച്ചും പഠിപ്പിച്ചും അനുസരിച്ചും അനുഗമിച്ചും അവർ ആധുനിക ലോകത്തെ സുവിശേഷവൽക്കരിച്ചു. ഇംഗ്ലീഷ് ഭാഷയെ വിശ്വസാഹിത്യഭാഷയായി ഉയർത്തിയതും വിശുദ്ധ വേദപുസ്തകമാണ്. ഇതില്ലായിരുന്നെങ്കിൽ ലോകസുവിശേഷീകരണം ദുഷ്കരമായേനേ? സഹിക്കുമോ സാത്താൻ!*

*കിങ് ജെയിംസ് ബൈബിൾ കുറ്റമറ്റതല്ല. ഇതിൽ മൂലഭാഷയുമായി താരതമ്യപ്പെടുത്തുമ്പോൾ ധാരാളം അപാകതകൾ ഉണ്ടായതായി കാണാം. എന്നാൽ, ഇവയൊന്നും വേദപുസ്തക ഉപദേശസംബന്ധമായി അടിസ്ഥാനപരമായ തെറ്റുകളല്ല. മുകളിൽ പറഞ്ഞ പന്ത്രണ്ടു കാര്യങ്ങളിൽ ഒട്ടും തെറ്റു വരുത്തിയിട്ടുമില്ല.*

*വേദപുസ്തകത്തിന്റെ മൂലഭാഷയായ എബ്രായ ഭാഷയ്ക്കു തനതു പ്രത്യേകതകൾ ഉണ്ട്. ഓരോ എബ്രായ അക്ഷരത്തിനും, വാക്കിനും നാലർഥമുഖങ്ങളും എഴുപത് അർഥതലങ്ങളുമുണ്ട്. ഇതിൽ പല അർഥതലങ്ങളും ഇതരഭാഷയിലേക്കു മൊഴിമാറ്റം ചെയ്യാൻ കഴിയുന്നതല്ല, കിങ് ജെയിംസ് ബൈബിളിന്റെ ന്യൂനത ഇതാണ്. ഇതു പരിഭാഷകരുടെ തെറ്റല്ല.*

*മുകളിൽ പറഞ്ഞ പന്ത്രണ്ടുകൂട്ടം കാര്യങ്ങൾ ഒഴിവാക്കി ഒരു വേദപുസ്തകം ഉണ്ടായാൽ മനുഷ്യനെ ഉപദേശസംബന്ധമായ കാര്യങ്ങളിൽ വഴിതെറ്റിക്കാൻ കഴിയും എന്നതറിയാവുന്ന സാത്താൻ കുറേനാൾ നിശബ്ദനായിരുന്നെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ നാലാം ദശകത്തോടുകൂടി തന്റെ പദ്ധതിയുമായി എഴുന്നേറ്റു. അഭിനവ വേദപുസ്തക ബുദ്ധിജീവികൾക്ക് അവൻ ഒരു ആശയം നല്കി. കിങ് ജെയിംസ് ബൈബിളിന്റെ ഇംഗ്ലീഷ് ഭാഷ കാലഹരണപ്പെട്ടതാണെന്നും, കാലോചിതമായി പരിഷ്കരിച്ച ഇംഗ്ലീഷ് വേദപുസ്തകം ഉണ്ടാക്കണമെന്നതുമായിരുന്നു ഈ ആശയം. ഇതുകേട്ടാൽ ആരാണ് ആകൃഷ്ടരാകാത്തത്.*

സംഗതി വേഗം ഫലം കണ്ടു. ഇംഗ്ലീഷ് മാതൃഭാഷയാക്കിയിട്ടുള്ള എല്ലായിടങ്ങളിൽനിന്നും ഉള്ള ബുദ്ധിജീവികൾ ഒരുമിച്ചു ചേർന്നു. ഏറെ വൈകാതെ പുതിയ ഇംഗ്ലീഷിൽ വേദപുസ്തകം തയ്യാറായി. ഇതാണ് ആർഎസ്‌വി (Revised Standard Version). പഴി പറയരുതല്ലോ – ഇതിന്റെ ഭാഷ അതിമനോഹരമാണ്. സാത്താന്റെ എല്ലാ പ്രവൃത്തികളും ഇങ്ങനെയാണ് – അവയുടെ ബാഹ്യരൂപം കണ്ണഞ്ചിപ്പിക്കുംവിധം മനോഹരമാണ്. ലൂസിഫറിനെപ്പോലെതന്നെ.

എന്നാൽ ഇവിടെ മുകളിൽ പറഞ്ഞിരിക്കുന്ന പന്ത്രണ്ടു കാര്യങ്ങളുടെ കടക്കൽ കത്തിവെക്കുന്നതാണ് ഈ പുതിയ വേദപുസ്തകം. ഇതു വായിച്ച ഭക്തന്മാർ ഞെട്ടിപ്പോയി. അവർ വ്യാപകമായി പ്രതിഷേധവുമായി ഇറങ്ങി.

അവരെ ചൊടിപ്പിച്ച ഒരു ഭാഗമാണ്. യെശയ്യാവ് 7 : 14 ഇവിടെ "അതുകൊണ്ട് കർത്താവു തന്നെ ഒരു അടയാളം നിങ്ങൾക്കു തരും; കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും" എന്നു പറഞ്ഞിരിക്കുന്നു.

ഇതു യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനമാണ്. തന്റെ അത്ഭുതകരമായ ജഡാവതാരമാണ് ഇവിടുത്തെ പ്രതിപാദ്യവിഷയം. ഇങ്ങനെ ഒന്ന് ഭൂമിയിൽ ജനിച്ച മറ്റാർക്കും അവകാശപ്പെടാനില്ല. ഇതു താൻ ദൈവമാണെന്നു സ്ഥിരീകരിക്കുന്നതാണ്. സാത്താന് ഇതു സഹിക്കാവുന്നതല്ല. ദൈവപുത്രനെ ഇതര മനുഷ്യർക്കു തുല്യനാക്കി ചിത്രീകരിക്കണം. അതുകൊണ്ട് ഈ ഭാഗം പരിഭാഷകർ ഒഴിവാക്കി അവർ "…. a young woman shall conceive and bear a son'' (ഒരു യുവതി ഗർഭിണിയായി ഒരു മകനെ പ്രസവിക്കും) എന്നാക്കി. ഇങ്ങനെയാണ് ഇംഗ്ലീഷിലെ ആർ. എസ്. വി. (RSV) യിൽ പറഞ്ഞിരിക്കുന്നത്.

ഇതിനെ ന്യായീകരിക്കുന്ന വിരുതന്മാർ മൂലഭാഷയിൽ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത് എന്ന് വാദിക്കാറുണ്ട്. എന്നാൽ മൂലഭാഷയിൽ 'യുവതി' എന്നല്ല മറിച്ച് 'കന്യക' എന്നു തന്നെയാണ്. അത് ഏതെങ്കിലും കന്യകയല്ല. മറിച്ച് ഇതിനുവേണ്ടി നിയോഗിക്കപ്പെട്ട ആൾ എന്ന ആശയം വ്യക്തമാക്കത്തക്കവിധത്തിൽ "ഹ അൽമാഹ്" (Ha Almah) എന്നാണ് എഴുതിയിരിക്കുന്നത്.

മിശിഹായുടെ ജനനത്തെക്കുറിച്ചുള്ള വാഗ്ദാനം നൽകുമ്പോൾ "ഒരു യുവതി ഗർഭിണിയായി ഒരു മകനെ പ്രസവിക്കും". എന്നു പറഞ്ഞാൽ അത് എങ്ങനെയാണ് ദൈവിക അടയാളം ആകുന്നത്? കോടാനുകോടി യുവതികൾ എന്നും ഗർഭിണികളാകുന്നില്ലേ. ഇതിൽ ഏതു മകനാണു മിശിഹാ?

ചുരുക്കത്തിൽ യേശുക്രിസ്തുവിന്റെ കന്യകാജനനം അങ്ങനെയല്ല എന്ന് വ്യാഖ്യാനിക്കുന്നതിനുള്ള സാത്താന്റെ ശ്രമമാണ് ഈ വേദപു

സ്തക പരിഭാഷ പ്രകടമാക്കുന്നത്. ഇത്തരം എഴുനൂറ്റെൺപത്തെട്ട് (788) ഗുരുതരമായ തെറ്റുകളാണ് ആർ എസ് വി ബൈബിളിൽ ഉള്ളത്. തിരുവചനത്തിന്റെ മൂലഭാഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ, കയ്യെഴുത്തു പ്രതികൾ, ശ്രമകരമായ മുൻകാല പരിഭാഷകൾ എന്നിവയിലും 1611-ലെ (ആയിരത്തിയറുന്നൂറ്റിപ്പതിനൊന്ന്) കിങ് ജെയിംസ് ബൈബിളുമായി ഒത്തു നോക്കുമ്പോൾ ആർ. എസ്. വി. ബൈബിൾ ചെയ്തിരിക്കുന്ന അപരാധം തിരിച്ചറിയാൻ കഴിയും.

വേദപുസ്തകത്തിലെ അതിപ്രധാനമായ കാര്യങ്ങളിലാണ് (നേരത്തെ പറഞ്ഞ പന്ത്രണ്ട് കാര്യങ്ങൾ) ഈ തെറ്റുകൾ വരുത്തിക്കൊണ്ടിരിക്കുന്നത്. ഇതാണ് ഇംഗ്ലീഷ് ബൈബിൾ വായിക്കുന്നു എന്ന ദുരഭിമാനത്തിൽ നമ്മുടെ കുഞ്ഞുങ്ങൾ വായിച്ചു തള്ളുന്നത്. ഇതുകേട്ടാണ് നാം ആത്മസംതൃപ്തി അടയുന്നത്.

അപ്പോൾ ചോദിക്കാം മലയാള വേദപുസ്തകമോ? എന്ന്. മലയാള വേദപുസ്തകത്തിലും പരിഭാഷപിശകുകളുണ്ട് എന്നാൽ ഇംഗ്ലീഷിലേതു പോലെ അപകടകരമല്ല അത്. മാത്രമല്ല, മൂലഭാഷയുമായി ഒത്തുനോക്കിയാൽ ഇംഗ്ലീഷിലെ കിങ് ജെയിംസ് ബൈബിളിനെക്കാൾ മെച്ചപ്പെട്ടതും അർഥവത്തുമാണ് മലയാളം വേദപുസ്തകമെന്ന് ആധികാരികമായി പറയാൻ കഴിയും.

ആർ.എസ്.വി. ബൈബിളിലെ 788 തെറ്റുകൾ നിസ്സാരമല്ല. അവ കയ്യബദ്ധവുമല്ല. ബോധപൂർവം വളച്ചൊടിച്ച് ദുഷ്ടലാക്കോടെ ഒരു കൂട്ടം ആളുകൾ വരുത്തിവച്ചവയാണ്. ഇത് ഓരോന്നും പരിശോധിക്കുമ്പോൾ ഇക്കാര്യം വ്യക്തമാകും. ഗുരുതരമായ ഈ വഴിതെറ്റിക്കലിനു പിന്നിൽ പ്രചോദനമായതു ദൈവത്തിന്റെ പരിശുദ്ധാത്മാവല്ല എന്ന കാര്യത്തിൽ സംശയമില്ല.

ഈ സത്യം ലോകത്തോട് അറിയിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് നോർത്ത് കരോലിനയിലെ പാസ്റ്റർ ലൂഥർ ഹക്സ് യെശയ്യാവ് 7 : 14 അടങ്ങുന്ന ഭാഗം വലിച്ചുകീറി കത്തിച്ചത്.

തിരുവചനത്തെ ആഴത്തിൽ സ്നേഹിക്കുന്ന ലൂഥർ ഹക്സിന്റെ നിലപാടുകൾ ഒരു ന്യൂനപക്ഷത്തെയേ സ്വാധീനിക്കുന്നുള്ളൂ. ഒരു വർഷത്തിനുള്ളിൽ ഹക്സിന്റെ കൂടിവരവ് ഇരട്ടിയായി വർധിച്ചു. സത്യവചനത്തെ യഥാർഥമായി പ്രസംഗിക്കുന്നതു കേൾക്കാൻ ജനം ഓടിക്കൂടുകയായിരുന്നു.

എന്നാൽ, പരിഭാഷയുടെ പരിവേഷത്തിൽ സത്യഗ്രന്ഥത്തെ കോട്ടിക്കളഞ്ഞ സഭാമേലാളന്മാരെ തൊടാനോ അവർ ഇറക്കിയ ദോഷകരമായ പരിഭാഷയെ പിൻവലിക്കാനോ ഹക്സിന് ആയില്ല. സാത്താന്റെ തണലിൽ അവരുടെ പരിഭാഷ വളർന്നുപടർന്നു.

*ആർ. എസ്. വി. വരുത്തിയതിനേക്കാൾ ഏറെ ദോഷകരവും വഞ്ച നാപരവുമായ തെറ്റുകളോടെ 1978-ൽ ഇംഗ്ലീഷിലെ എൻഐവി (New International Version) ബൈബിൾ പുറത്തിറങ്ങി. ഈ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന പന്ത്രണ്ടുകൂട്ടം കാര്യങ്ങളുമായി ബന്ധപ്പെടുത്തി 695 തെറ്റുകളാണ് എൻഐവി ബൈബിളിൽ ഉള്ളത്. ഇംഗ്ലീഷ് വേദപുസ്തകം വായിക്കുന്ന 90% ആളുകൾ പ്രത്യേകിച്ച് നമ്മുടെ കുഞ്ഞുങ്ങൾ വായി ക്കുന്ന വേദപുസ്തകം ഇതാണ്.*

*ഈ ഇംഗ്ലീഷ് വേദപുസ്തക വായനയിലൂടെ ദൈവമക്കളുടെ മന സ്സിൽ ആഴ്ന്നിറങ്ങുന്ന ഉപദേശപിശകുകളും ചെറുതല്ല. ഈ ബൈബി ളാണു സകല ബൈബിൾ കോളേജുകളിലും പഠിപ്പിക്കുന്നത്. ഈ തെ റ്റുകൾ അതേപടി പഠിച്ച് ഉന്നത ബിരുദങ്ങൾ എടുത്താണ് ഇന്നു സുവി ശേഷവേലക്കാർ വരുന്നത്. വേർപെട്ട സഭകളുടെ വേദപുസ്തകാടിത്ത റയും ഉപദേശവിശുദ്ധിയും തകരാൻ കാരണം ഇതാണ്.*

*ഗൗരവകരമായ ഈ സത്യം തിരിച്ചറിയാതെ വേദപുസ്തകം പഠി ച്ചിട്ടോ പഠിപ്പിച്ചിട്ടോ കാര്യമില്ല. ഇവ തിരിച്ചറിഞ്ഞെങ്കിലേ നമ്മുടെ വിശ്വാ സജീവിതത്തിന്റെ അടിത്തറ ബലപ്പെടുകയുള്ളൂ.*

*ഇത്തരം പരിഭാഷ വൈകല്യങ്ങൾ പൊരുൾതിരിച്ചു കാണിക്കുന്ന തിന് അടുത്ത ലക്കത്തിൽ ആഗ്രഹിക്കുന്നു. ഇംഗ്ലീഷ് വേദപുസ്തകം കൊണ്ടുനടക്കുന്ന അഭിനവ ബുദ്ധിജീവികൾക്കു മാന്യവായനക്കാർ ഇതു കാണിച്ചുകൊടുക്കുകയും മലയാളത്തിൽ വേദപുസ്തകം വായിക്കാൻ നമ്മുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുകയും ചെയ്യേണമേ."*

ഇവിടെ ക്രിസ്തുവിന്റെ ജനനത്തെ സംബന്ധിച്ച് ഏശയ്യ പ്രവചനം ആർ. എസ്. വി. ബൈബിളിന്റെ ചുവടുപിടിച്ച് പി ഒ സി ബൈബിളിൽ ഇങ്ങനെ കാണുന്നു **"അതിനാൽ കർത്താവുതന്നെ നിനക്ക് അടയാളം തരും. യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാ നുവേൽ എന്നു വിളിക്കപ്പെടും. തിന്മ ത്യജിക്കാനും നന്മ സ്വീകരി ക്കാനും പ്രായമാകുമ്പോൾ ബാലൻ തൈരും തേനും ഭക്ഷിക്കും."** (ഏശ. 7 : 14,15)

യെശയ്യ പ്രവചനം ബൈബിൾ പാഠങ്ങളിലെ അധിപ്രധാനമായ ഒരു ഭാഗമാണ്. അതിൽപോലും പി. ഒ സി ബൈബിൾ തെറ്റുവരുത്തിയിരി ക്കുകയാണ്. കന്യക എന്ന മൂലഭാഷയിലെ അർഥം പൂർണമായും ചോർത്തി യുവതി പ്രസവിക്കും എന്നു തർജമ ചെയ്തിരിക്കുകയാണ്. റീത്തു ഭേദമില്ലാതെ മെത്രാന്മാർ എല്ലാവരും ചേർന്ന് പി. ഒ സിയിൽ നട ത്തിയ ഈ തർജമയിലെ ഗുരുതരമായ തെറ്റിനെക്കുറിച്ച് 1987 ജനുവരി ലക്കം ഓശാനയിൽ ഞാൻ ചൂണ്ടിക്കാണിച്ചതാണ്. എന്നാൽ ഈ തെറ്റ് തിരുത്താൻ പി. ഒ സിക്കാർ തുനിഞ്ഞില്ലെന്നുള്ളത് നമ്മുടെ മെത്രാന്മാർ പ്രത്യക്ഷമായി പരിഗണിക്കേണ്ടതാണ്.

ഓശാനയിൽ പ്രസിദ്ധീകരിച്ച ലേഖനം മെത്രാന്മാരുടെ അറിവിലേക്കായി ഒരിക്കൽക്കൂടി പ്രസിദ്ധീകരിക്കുന്നു. ഇനിയെങ്കിലും ബൈബിൾ തർജമയിലെ ഈ ഗുരുതരമായ തെറ്റ് തിരുത്തുമെന്ന് വിശ്വസിക്കട്ടെ. അല്ലെങ്കിൽ കന്യാമറിയമേ എന്നുള്ള ഭക്തന്മാരുടെ വിളിച്ചപേക്ഷ അർഥശൂന്യമാകും.

# "പി. ഒ. സി. ബൈബിളിനെപ്പറ്റി

"ഒന്നാം പതിപ്പിൽ വന്ന അപാകതകൾ നിവാരണം ചെയ്യാൻ വളരെയേറെ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്" എന്ന പ്രസ്താവനയോടുകൂടി പ്രസിദ്ധീകരിച്ച P. O. C. ബൈബിൾ രണ്ടാം പതിപ്പിന് പ്രസിദ്ധീകരണക്കാർ അവകാശപ്പെടുന്നത്ര പരിശ്രമങ്ങൾ നടന്നിട്ടില്ല എന്ന് പറയേണ്ടി വന്നതിൽ ഖേദിക്കുന്നു.

P. O. C. ഒന്നാം പതിപ്പിന് 1 കിലോ 150 ഗ്രാം തൂക്കമുണ്ടായിരുന്നെങ്കിൽ പുതിയ പതിപ്പിന് 1 കിലോ 450 ഗ്രാം തൂക്കമുണ്ട്. മാത്രവുമല്ല P. O. C. ഒന്നാം പതിപ്പിനേക്കാൾ നീളത്തിലും വീതിയിലും അരയിഞ്ചോളം കൂടുതലും ഈ പതിപ്പിനുണ്ട്. കമ്പോസിംഗിൽ കൂടുതൽ ശ്രദ്ധിച്ചിരുന്നെങ്കിൽ ഈ വലുപ്പം തീർച്ചയായും കുറയ്ക്കാമായിരുന്നു എന്നുള്ളതിന് സംശയമില്ല. വാക്കുകൾ തമ്മിലുള്ള അകലവും മറ്റും കൂടുതൽ ശ്രദ്ധിച്ചിരുന്നെങ്കിൽ വളരെ പേജുകൾ ലാഭിക്കാമായിരുന്നു. രണ്ടക്ഷരങ്ങൾക്കുവേണ്ടി ഒരു വരി വെറുതേനഷ്ടപ്പെടുത്തിയ എത്രയെത്ര ഉദാഹരണങ്ങൾ ഈ ബൈബിളിൽ ചൂണ്ടിക്കാണിക്കാൻ കഴിയും. 96-ാം പേജുതന്നെ എടുക്കുക. "രക്തം ഭക്ഷിക്കുന്നവൻ സ്വജനത്തിൽ നിന്നു വിച്ഛേദിക്കപ്പെടണം" എന്ന ഖണ്ഡികയിലെ അവസാനത്തെ വാചകത്തിലെ 'ടണം' എന്ന വെറും രണ്ടക്ഷരത്തിനുവേണ്ടി ഒരു വരി പൂർണ്ണമായും ദുരുപയോഗപ്പെടുത്തി. അതേ പേജിൽ തന്നെ 36-ാം വാക്യം ശ്രദ്ധിക്കുക. 'ച്ചത്' എന്ന രണ്ടക്ഷരത്തിനുവേണ്ടി ഒരു വരി മുഴുവൻ നഷ്ടപ്പെടുത്തിക്കളഞ്ഞു. കമ്പോസിംഗിൽ കൂടുതൽ ശ്രദ്ധിച്ചിരുന്നെങ്കിൽ ഈ രണ്ടക്ഷരങ്ങൾ യാതൊരു വിഷമവും കൂടാതെ ആ ഖണ്ഡികയിൽ ഒതുക്കാമായിരുന്നു. കമ്പോസിംഗിൽ വാക്കുകൾ തമ്മിലുള്ള അകലം പലപ്പോഴും വളരെ കൂടുതലാണ് എന്നു പറയേണ്ടിയിരിക്കുന്നു. കൂടുതൽ ശ്രദ്ധിച്ചിരുന്നെങ്കിൽ 40 പേജെങ്കിലും കുറയ്ക്കാൻ കഴിയുമായിരുന്നു. ബൈബിളിന്റെ ഭാരവും കുറയുമായിരുന്നു.

## ഇമ്മാനുവേൽ പ്രവചനം

ക്രിസ്തുവിന്റെ അവതാരത്തെ സംബന്ധിച്ചുള്ള അതിപ്രധാനപ്പെട്ട ഒരു പ്രവചനമാണ് യെശയ്യാ 7 : 14. അത് ഈവിധമാണ് തർജമ ചെയ്തിരിക്കുന്നത്. "അതിനാൽ കർത്താവുതന്നെ നിനക്ക് അടയാളം തരും. യുവതി ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും. അവൻ എമ്മാനു

വേൽ എന്നു വിളിക്കപ്പെടും" യുവതി' എന്ന പരിഭാഷ തികച്ചും തെറ്റാണ് എന്ന് ഈ പംക്തികളിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. "A young woman'' എന്ന R.S.V. യുടെ ഇംഗ്ലീഷ് തർജമയുമായോ ഹീബ്രു മൂലവുമായോ 'യുവതി' എന്ന പദത്തിന് സാധർമ്യമില്ല. ഈ പ്രവചനം മത്തായി 1 : 23-ൽ "കന്യക ഗർഭം" ധരിച്ച് ഒരു പുത്രനെ പ്രസവിക്കും" എന്നു തന്നെയാണ്. അപ്പോൾ യെശയ്യാ 7 : 14-ൽ 'യുവതി' എന്നു തർജമ ചെയ്തതിന് കടുത്ത യുക്തി ഭംഗമുണ്ട്.

ഒരു പ്രവചനം പ്രവചനമായിത്തീരുന്നത് അസംഭവ്യമായ ഒന്ന് സംഭവിക്കും എന്ന് ഒരു പ്രവാചകൻ പ്രവചിക്കുമ്പോഴാണ്. യെശയ്യാ വളരെ വ്യക്തമായി പറയുന്നു: ''കർത്താവുതന്നെ നിനക്ക് അടയാളം തരും." 'യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും' എന്നത് ഒരടയാളമല്ല. കാരണം യുവതികൾക്കല്ലാതെ പ്രസവിക്കാൻ പറ്റില്ലല്ലോ. കർക്കിടക മാസത്തിൽ മഴപെയ്യും എന്ന് ഒരു പ്രവാചകൻ പ്രവചിക്കേണ്ട കാര്യമില്ല. ഈ ഗർഭധാരണത്തിന് ഒരു പ്രത്യേകതയുണ്ട് എന്നാണ് പ്രവാചകൻ സൂചിപ്പിക്കുന്നത്. "ഒരു കന്യക ഗർഭം ധരിക്കും' എന്ന് ആകുമ്പോൾ മാത്രമേ ആ സംഭവത്തിനു പ്രവചനസ്വഭാവം ലഭിക്കയുള്ളൂ. അതുകൊണ്ട് 'യുവതി' എന്ന തർജമയിൽ വളരെയധികം യുക്തിഭംഗമുണ്ട്. പ്രവചന സ്വഭാവം തന്നെ ഇവിടെ നഷ്ടപ്പെടും.

## എന്തു സംഭവിച്ചു?

മത്തായി 1 : 25-ൽ ഇങ്ങനെ തർജമ ചെയ്തിരിക്കുന്നു: "പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല". ഈ വാക്യത്തിന് വളരെ അപകടകരമായ ഒരടിക്കുറിപ്പും കൊടുത്തിട്ടുണ്ട്. 'സെമറ്റിക് ശൈലിയനുസരിച്ച് പ്രസവിക്കുന്നതുവരെ എന്നു പറയുമ്പോൾ അതിനുശേഷം എന്തു സംഭവിച്ചു എന്നതിനെപ്പറ്റി സൂചനയൊന്നുമില്ല."

ഈ അടിക്കുറിപ്പനുസരിച്ച് യേശുവിനെ പ്രസവിച്ചതിനുശേഷം യോസേഫും മറിയവും തമ്മിലുള്ള ബന്ധത്തിന് എന്തും സംഭവിച്ചിരിക്കാം എന്ന അർത്ഥമാണ് അനുവാചകർക്കുണ്ടാവുക. പ്രത്യേകിച്ച് യേശുവിന്റെ സഹോദരന്മാരെക്കുറിച്ച് വി. ഗ്രന്ഥത്തിൽ വേറെ പരാമർശം നിലനിൽക്കുമ്പോൾ (മത്താ. 112 : 50).

P. O. C. ബൈബിൾ തർജമ കത്തോലിക്കാ സഭയുടെ ഔദ്യോഗിക തർജമയാണ്. അപ്പോൾ കത്തോലിക്കാ സഭയുടെ പഠനമനുസരിച്ചുള്ള അർഥം ഉൾക്കൊള്ളുന്ന തർജമയും വ്യാഖ്യാനവുമായിരിക്കണം ഈ തർജമയിൽ ഉണ്ടായിരിക്കേണ്ടത് എന്നതിന് തർക്കമില്ല. അപ്പോൾ "പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല" എന്നും "അതിനുശേഷം എന്തു സംഭവിച്ചു എന്നതിനെപ്പറ്റി (ഈ വാക്യത്തിൽ) സൂചനയൊന്നുമില്ല'' എന്നും പറഞ്ഞാൽ ഭാര്യാഭർതൃബന്ധത്തിൽ സാധാരണയായി സംഭവിക്കുന്നത് സംഭവിച്ചു എന്ന അർത്ഥമല്ലേ അനു

വാചകനു ലഭിക്കുക. “ഞാൻ പോരുന്നതുവരെ മഴയുണ്ടായിരുന്നില്ല . പിന്നെ എന്തു സംഭവിച്ചു എന്ന് എനിക്കറിഞ്ഞുകൂടാ” എന്ന് ഒരാൾ പറ ഞ്ഞാൽ പിന്നീട് സംഭവിക്കാവുന്നത് സംഭവിച്ചിരിക്കാം എന്ന അർഥമാണ് അനുവാചകനു കിട്ടുക. താൻ പോന്നതിനുശേഷം മഴ പെയ്തു എന്ന കാര്യം നിഷേധിക്കുന്നില്ല എന്ന അർത്ഥമാണ് ഈ വാചകത്തിൽ നിന്നും ലഭ്യമാകുന്നത്.

കത്തോലിക്കാ സഭാവക ഔദ്യോഗികമായ ഒരു വിവർത്തനത്തിൽ അടിക്കുറിപ്പായി ചേർക്കേണ്ടിയിരുന്നത് ഇങ്ങനെയായിരുന്നു: “സെമറ്റിക് ശൈലിയനുസരിച്ച് ‘ പ്രസവിച്ചതുവരെ” എന്നു പറയുമ്പോൾ പിന്നീട് യോസേഫ് മറിയവുമായി ബന്ധം പുലർത്തിയെന്ന് അർത്ഥം വരുന്നില്ല എന്ന് വ്യക്തമായി പറയേണ്ടിയിരുന്നു.

## ഉൽപ്പത്തി 1 : 11

ഉൽപ്പത്തി 1 : 11-ന്റെ R. S. V. തർജമ താഴെ കൊടുക്കുന്നു : "And God said, Let the earth put forth vegetation, plants yielding seed, and fruit trees bearing fruit in which is their seed, each according to its kind, upon the earth''. P. O. C. തർജമയാണ് താഴെ കൊടുത്തിരിക്കുന്നത്. “ഭൂമി എല്ലാത്തരം ഹരിതസസ്യങ്ങളും ധാന്യച്ചെടികളും, വിത്തുൾക്കൊള്ളുന്ന ഫലങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങളും മുളപ്പിക്കട്ടെ”. ഈ തർജമയിൽ അടിസ്ഥാനപരമായി അർഥവ്യത്യാസം വന്നുഭവിച്ചിട്ടുണ്ട്. "Each according to its kind'' എന്ന അതിപ്രധാനമായ ഭാഗം വിട്ടുപോയിട്ടുണ്ട്. “അതതുതരം വിത്തുള്ള ചെടികളും അതതുതരം കുരുവോടുകൂടിയ ഫലം കായ്ക്കുന്ന വൃക്ഷങ്ങളും” എന്നുതന്നെ വേണമായിരുന്നു. ഈ വാക്യത്തിന്റെ പ്രത്യേകത ഓരോ സസ്യജാലവും മുൻനിർണയം അനുസരിച്ചുള്ളതാണെന്നും സസ്യജാലങ്ങളുടെ വർഗീകരണം സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ ഉണ്ടായിരുന്നുവെന്നും പ്രഖ്യാപിക്കുക എന്നുള്ളതാണ്. നിർഭാഗ്യവശാൽ P. O. C. തർജമയിൽ ഈ ആശയം വ്യക്തമാകുന്നില്ല.

## ബത്ത് (Bath)

ബത്ത്” എന്ന പദം ദ്രവപദാർത്ഥങ്ങളുടെ ഒരു അളവാണ്. എന്നാൽ 1 രാജാ. 7-ാം അദ്ധ്യായം 38-ാം വാക്യം തർജമ ചെയ്തിരിക്കുന്നത് നോക്കുക. “നാല്പതുപേർക്ക് സ്നാനത്തിനുള്ള ജലം കൊള്ളുന്നതും നാലു മുഴം ഉയരമുള്ളതുമായിരുന്നു ഓരോന്നും.” ഈ തർജമയുടെ ഇംഗ്ലീഷ് പാഠം താഴെകൊടുക്കുന്നു. "And he made ten lavers of bronze each laver held forty baths, each laver measured four cubits and there was a laver for each of the ten stands." ഇവിടെ ‘ബത്തി’നെ 40 പേർക്ക് സ്നാനത്തിനുള്ള ജലം എന്നു തർജമ ചെയ്തിരിക്കുന്നത് തികച്ചും തെറ്റാണ്. ബത്ത് ദ്രവങ്ങളുടെ ഒരു അളവുരൂപമാണെന്ന് P. O. C.

ബൈബിൾ പ്രസിദ്ധീകരിച്ച അവസരത്തിൽ ഞങ്ങൾ എഴുതുകയുണ്ടായി. ഞങ്ങൾ ചൂണ്ടിക്കാണിച്ചതനുസരിച്ചായിരിക്കാം 1 രാജാ. 7-ാം അദ്ധ്യായം 26-ാം വാക്യത്തിൽ ബത്ത് എന്ന പദത്തിന്റെ തർജമയ്ക്ക് മാറ്റം വരുത്തിയിട്ടുണ്ട്. പക്ഷേ അതേ അദ്ധ്യായത്തിൽ തന്നെ ബത്തിനെ 40 പേർക്കു സ്നാനത്തിനുള്ള ജലം എന്നു വിവരിച്ചത് അത്ഭുതാവഹമായിരിക്കുന്നു.

നാലുകൊല്ലക്കാലം പണ്ഡിതന്മാർ P. O. C. തർജമ പരിഷ്കരിക്കുന്നതിനുവേണ്ടി പരിശ്രമിച്ചിട്ട് ഇത്തരം കാര്യങ്ങളിൽ സൂക്ഷ്മത പുലർത്താതിരുന്നത് അക്ഷന്തവ്യമായി എന്നു വളരെ താഴ്മയായി പറയട്ടെ. കൂടുതൽ വിശദീകരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല."

ഞങ്ങൾ ഓശാന ബൈബിൾ തർജമ ചെയ്യുന്നതിന് ആധാരമായി സ്വീകരിച്ചത് R. S. V. ബൈബിൾ ആണെന്നുള്ളത് പ്രത്യേകം പ്രസ്താവിതമാണ്. R. S. V. ബൈബിളിൽ young woman എന്നാണ് ചേർത്തിരിക്കുന്നത്. പിന്നീട് പല പാഠങ്ങളും പരിശോധിച്ചതിനുശേഷമാണ് കന്യക എന്ന പദം ഞങ്ങൾ സ്വീകരിച്ചത്. വേദവിപരീതമായി തർജമ ചെയ്യപ്പെട്ടിരിക്കുന്ന P. O. C. ബൈബിൾ മാർക്കറ്റിൽ നിന്നും പിൻവലിക്കാൻ കത്തോലിക്കാ മെത്രാൻ സംഘടന തയ്യാറാകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

ഈ അടുത്തയിട കത്തോലിക്കാ സഭയും ഓർത്തഡോക്സ് സഭയും ചേർന്ന് പുതിയ ബൈബിൾ തർജമ നടത്തുന്നതായി പത്രവാർത്തയുണ്ടായിരുന്നു. ഈ തർജമയിലെങ്കിലും യുവതി എന്ന പദം മാറ്റി കന്യക എന്നാക്കണമെന്ന് താഴ്മയായി അഭ്യർഥിക്കുന്നു. ഓശാന ബൈബിൾ പ്രസിദ്ധീകരിച്ച ഉടനെ പോട്ടയിൽനിന്നും മുരിങ്ങൂരുനിന്നും ബൈബിളിന് ധാരാളം ഓർഡറുകൾ ലഭിച്ചിരുന്നു. എന്നാൽ ഇംപ്രിമാത്തൂർ ഉണ്ടെന്ന കാരണത്താൽ P. O. C. ബൈബിളാണ് മുരിങ്ങൂരിൽ ഇപ്പോൾ വിൽക്കുന്നത് എന്നറിയുന്നു. ഇംപ്രിമാത്തൂർ തെറ്റുകളെ ഇല്ലെന്നാക്കുകയില്ലല്ലോ എന്ന കാര്യം മുരിങ്ങൂരുകാർ അറിഞ്ഞിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുകയാണ്.

□□

(34-ാം പേജ് തുടർച്ച)

കോൺഗ്രസിനെ സങ്കുചിതമാക്കുന്നത് എത്രമാത്രം അഭികാമ്യമാണെന്ന് കത്തോലിക്കാ കോൺഗ്രസിന്റെ മുൻസാരഥികളായ എം.ഡി.ജോസഫ് മണ്ണിപ്പറമ്പിലും ജോൺ കച്ചിറമറ്റവും ചിന്തിക്കുന്നതും സംസാരിക്കുന്നതും ഉചിതമായിരിക്കും. മെത്രാന്മാരുടെ വാലിൽ തൂങ്ങികളായ കൂറെ നേതാക്കന്മാരെ സൃഷ്ടിക്കുന്നതിനുവേണ്ടി ചെയ്യുന്ന ഈ ദ്രോഹം കണ്ടില്ലെന്നു നടിക്കാൻ ഇവർക്കു കഴിയുമോ? സീറോ മലബാറുകാരെ കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളാക്കാനുള്ള നടപടി തികച്ചും അപലപനീയമാണ്.

●●

# മാർത്തോമ്മാ നസ്രാണികളുടെ തനതു പാരമ്പര്യങ്ങൾ

റവ ഡോ. ജയിംസ് ചവറപ്പുഴ

## ആമുഖം

വിശ്വാസത്തിൽ ക്രൈസ്തവരും ആരാധനയിൽ പൗരസ്ത്യരും സംസ്കാരത്തിൽ ഭാരതീയരും." മാർത്തോമ്മാ നസ്രാണികളെക്കുറിച്ച് പുണ്യശ്ലോകനായ പ്ലാസിഡ് ജെ. പൊടിപാറയുടെ വാക്കുകളാണിവ. ഭാരതനസ്രാണികളുടെ തനിമയും വ്യക്തിത്വവും വിശേഷിപ്പിക്കാൻ ഇതിനെക്കാൾ ശ്രേഷ്ഠമായ ഒരു വിശേഷണം ഉണ്ട് എന്നു തോന്നുന്നില്ല. മിശിഹായുടെ പന്ത്രണ്ടു ശ്ലീഹന്മാരിലൊരുവനായ മാർത്തോമ്മാ കൈമാറിയ വിശ്വാസം പൗരസ്ത്യപാരമ്പര്യത്തിൽ അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്ത്, ഇന്ത്യൻ സംസ്കാരത്തിൽ ഇന്ത്യക്കാരായി ജീവിക്കുന്നവരാണ് മാർത്തോമ്മാ നസ്രാണികൾ. ഭാരതീയ സംസ്കാരത്തിൽ ഇഴുകിച്ചേർന്ന് ജീവിക്കുന്ന മാർത്തോമ്മാ നസ്രാണികളുടെ തനതായ ചില പാരമ്പര്യങ്ങളെക്കുറിച്ചാണ് തുടർന്ന് പ്രതിപാദിക്കുന്നത്.

## 1. മാർഗ്ഗം

മാർത്തോമ്മാശ്ലീഹായുടെ വിശ്വാസപാരമ്പര്യം പേറുന്നവരുടെ ജീവിതശൈലിയാണ് മാർഗ്ഗം. ഞാനാണ് മാർഗ്ഗം (യോഹ. 14: 6) എന്നു പറഞ്ഞവനെ ഭാരതത്തിന് നൽകിയ മാർത്തോമ്മായുടെ മാർഗ്ഗമാണ് (യോഹ. 20:28) നസ്രാണിവിശ്വാസത്തിന്റെ ആണിക്കല്ല്. കാലങ്ങളും നൂറ്റാണ്ടുകളും ഈ മാർഗത്തിൽ ചരിച്ച നസ്രാണികൾ മാർഗവാസികൾ എന്നറിയപ്പെട്ടു. തോമ്മാശ്ലീഹായുടെ മിശിഹാനുഭവമാണ് മാർഗത്തിന്റെ കാതൽ. ഒരു ശ്ലീഹായുടെ പേരിൽ അറിയപ്പെടുന്ന ഏക ക്രൈസ്തവ സമൂഹവും മാർത്തോമ്മാ നസ്രാണികളാണ്. "ഞങ്ങൾ മാർത്തോമ്മായുടെ മക്കൾ ആകുന്നു" എന്ന ഉറച്ച ബോധ്യവും ജീവിതശൈലിയും മാർത്തോമ്മാ നസ്രാണികളുടെ മാത്രം പ്രത്യേകതയാണ്. നസ്രായനായ ഈശോയെ അനുഗമിക്കുന്നവൻ എന്നാണ് നസ്രാണി എന്ന വാക്കുകൊണ്ട് അർഥമാക്കുന്നത്. 6-ാം നൂറ്റാണ്ടിനു മുമ്പുള്ള സുറിയാനി ഗ്രന്ഥങ്ങളിൽ പൊതുവായി കാണുന്ന ഈ പദം മാർ അപ്രേം (306-373) കൂടെക്കൂടെ ഉപയോഗിച്ചുകാണുന്നു. യഹൂദ-സുറിയാനി പാരമ്പര്യത്തിലുള്ളക്രിസ്ത്യാനികൾക്കാണ് ഈ പദം ഉപയോഗിച്ചുകാണുക. മാർത്തോമ്മാനസ്രാണികളുടെ യഹൂദ-സുറിയാനി പാരമ്പര്യം അവിതർക്കമാണല്ലോ.

## 2. പള്ളി

മാർത്തോമ്മാ നസ്രാണികൾ ആരാധിക്കാൻ ഒരുമിച്ചുകൂടുന്ന സ്ഥലം 'പള്ളി' എന്നറിയപ്പെടുന്നു. പാഹ്ലവി അഥവാ പല്ലവി ഭാഷയിലെ പള്ളി എന്ന വാക്കിനർത്ഥം ഒരുമിച്ചുകൂടാനുള്ള സ്ഥലം എന്നാണ്. പള്ളി എന്നാൽ നസ്രാണികൾക്ക് ഒരു സാധാരണ കെട്ടിടമോ, നാല് ചുമരോ അല്ല. പ്രത്യുത, വിശ്വാസികളുടെ സമൂഹം ഒരുമിച്ചുകൂടുന്ന സ്ഥലമാണ്. സഭയുടെ ദൈവശാസ്ത്രവും ചൈതന്യവുമാണ് പൊതുവേ ക്ഷേത്രമാതൃകയിൽ പണിയപ്പെട്ടിരുന്ന പള്ളികളിൽ ദർശിക്കുക. പരിശുദ്ധിയെ പ്രകടിപ്പിക്കുന്ന രഹസ്യാത്മകതയാണ് നസ്രാണി പള്ളി നിർമ്മാണത്തിൽ തെളിഞ്ഞു കാണുക. സ്വർഗത്തിന്റെ പ്രതീകമായ മദ്ബഹായും ഭൂമിയുടെ പ്രതീകമായ ഹൈക്കലയുമാണ് പള്ളിയിലുള്ളത്. അതായത് ഓരോ പള്ളിയും സ്വർഗവും ഭൂമിയുമാണ്. മദ്ബഹായുടെ തറനിരപ്പ് ഉയർത്തി പണിയുന്നതിന് ആനുപാതികമായി മേൽക്കൂരയും ഉയർത്തിപണിയുന്ന പുരാതന രീതി മാർത്തോമ്മാ നസ്രാണികളുടെ തനതായ പാരമ്പര്യമാണ്. അതിവിശുദ്ധ സ്ഥലമായി പരിഗണിക്കപ്പെടുന്ന പള്ളി സംവിധാനം നസ്രാണികൾക്ക് ആരോഹണക്രമത്തിലാണ്. അതായത് ദൈനംദിന ജീവിത മണ്ഡലത്തിൽനിന്നും ആരാധനയ്ക്കായി എത്തുന്ന വിശ്വാസികൾ മോണ്ഡളത്തിലൂടെ ഹൈക്കലയിലേക്കും അവിടെനിന്ന് കെസ്ത്രോമ വഴി മദ്ബഹയിലേക്കും (കങ്കേ) മദ്ബഹായിൽനിന്ന് ത്രോണോസിലേക്കും ത്രോണോസിൽനിന്നും പിതാവായ ദൈവത്തിന്റെ സന്നിധിയിൽ മിശിഹാതമ്പുരാൻ പരമയാഗം തുടരുന്ന സ്വർഗത്തിലേക്കും ഉയർത്തപ്പെടുന്നു.

## 3. പള്ളിയോഗം

സഭ അഥവാ പള്ളി ഭരിച്ചിരുന്നത് പള്ളിയോഗമായിരുന്നു. ഇടവകയിലെ മുതിർന്ന ആളുകളായിരുന്നു ഇപ്രകാരം പള്ളിയോഗം കൂടിയിരുന്നത്. തീരുമാനങ്ങൾ എടുക്കാനുള്ള ഈ ആലോചനാസമിതിയിൽ ആധ്യക്ഷ്യം വഹിച്ചിരുന്നത് ഇടവകയിലെ മുതിർന്ന പുരോഹിതനായിരുന്നു. ദേശീയ തലത്തിൽ മലങ്കര യോഗം എന്ന് ഇതറിയപ്പെട്ടു. ഇതിന്റെ അധ്യക്ഷൻ അർക്കാദിയാക്കോൻ ആയിരുന്നു. സഭയുടെ നേതൃത്വം വഹിച്ചിരുന്നത് ഇന്ത്യ മുഴുവന്റെയും അർക്കാദിയാക്കോൻ ആയിരുന്നു. 'ജാതിക്കു കർത്തവ്യൻ" എന്ന പേരിലും അറിയപ്പെട്ടിരുന്ന ഇദ്ദേഹം ഒരു തരത്തിൽ മാർത്തോമ്മാ നസ്രാണികളുടെ രാജാവും ഭരണാധികാരിയുമായിരുന്നു. മെത്രാൻ ആധ്യാത്മിക കാര്യങ്ങളിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും ആരാധനക്രമശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു. സഭയെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തിരുന്നത് അർക്കാദിയാക്കോന്റെ നേതൃത്വത്തിൽ കൂടിയിരുന്ന പള്ളിയോഗങ്ങളിൽ ആയിരുന്നു. യൂറോ

പ്യൻ മിഷനറിമാർ ഇതിനെ "ക്രിസ്റ്റ്യൻ റിപ്പബ്ലിക്" എന്ന് വിളിച്ചു. പള്ളി യോഗങ്ങളിലെ അത്മായ പങ്കാളിത്തവും സഹകരണവും എടുത്തുപറയേണ്ടവതന്നെയാണ്.

## 4. നേർച്ച

പ്രാദേശിക സംസ്കാരം നസ്രാണിവിശ്വാസവുമായി ശ്രദ്ധാപൂർവം കൂട്ടിച്ചേർത്തതിന്റെ മകുടോദാഹരണമാണ് നേർച്ച. ശ്ലൈഹിക കാലഘട്ടത്തിലുണ്ടായിരുന്ന "അഗാപ്പേ"യുടെ മറ്റൊരു രൂപമാണ് നേർച്ച. വിവിധ നേർച്ചഭക്ഷണങ്ങൾ; ഉദാഹരണത്തിന് റാസക്കഞ്ഞി, തമുക്ക്, കൊഴുക്കട്ട, കള്ളപ്പം, നെയ്യപ്പം, ഉണ്ണിയപ്പം, അവൽ, കഞ്ഞി, ചോറ്, പാച്ചോർ, പുഴുക്ക് മുതലായവ പള്ളിയിൽ സമർപ്പിക്കുകയും പങ്കുവയ്ക്കുകയും ചെയ്തിരുന്നു. ആരാധനാശുശ്രൂഷയോടൊപ്പം നേർച്ചയിലും ജനങ്ങൾ താത്പര്യപൂർവം പങ്കെടുത്തിരുന്നു. എല്ലാവരും- വലിയവരും ചെറിയവരും, മുതിർന്നവരും ഇളയവരും - ഇതിൽ ഒരുപോലെ പങ്കെടുത്തിരുന്നു. സമ്പത്തിന്റെ പത്തിലൊന്ന് (പസാരം) പള്ളിയുടെ പൊതു ആവശ്യങ്ങൾക്കായി കുടുംബങ്ങൾ നീക്കിവെച്ചിരുന്നു. അതോടൊപ്പം മുത്തിയൂട്ടും കാൽകഴുകിയൂട്ടും വീടുകളിൽ നടത്തിയിരുന്നു. മുത്തിയൂട്ട് : ഒരു ചെറിയ കുട്ടിയേയും മുതിർന്ന പുരുഷനേയും സ്ത്രീയേയും വീട്ടിൽ ക്ഷണിച്ച് വിഭവസമൃദ്ധമായ സദ്യ കൊടുക്കുന്നതാണിത്. ഈ മൂന്നുപേർ തിരുക്കുടുംബത്തിന്റെ സൂചനയാണ്. കാൽകഴുകിയൂട്ട് : 12 കുട്ടികളെയും ഒരു പുരോഹിതനെയും വീട്ടിൽ ക്ഷണിച്ച് സദ്യ കൊടുക്കുന്ന കർമ്മമാണിത്. ഇവരെ 12 ശ്ലീഹന്മാരുടെയും ഈശോയുടെയും പ്രതിനിധികളായി നസ്രാണികൾ കണ്ടിരുന്നു.

## 5. നോമ്പും ഉപവാസവും

"നോമ്പിന്റെ സ്നേഹിതർ" എന്നായിരുന്നു നസ്രാണികൾ അറിയപ്പെട്ടിരുന്നത്. നോമ്പുകാലത്ത് ദിവസം ഒരുനേരംമാത്രം ഭക്ഷിക്കുകയും പള്ളിയിൽ രാവിലെയും വൈകിട്ടും പ്രാർഥനയിൽ മുഴുകുകയും ചെയ്തിരുന്ന പാരമ്പര്യം അവർക്കുണ്ടായിരുന്നു. പീഡാനുഭവ ആഴ്ചയിൽ കഠിനനോമ്പും നിശബ്ദതയും അനുഷ്ഠിക്കാൻ ശ്രദ്ധാലുക്കളായിരുന്നു ഇവർ. വെള്ളിയാഴ്ചയും ബുധനാഴ്ചയും ഉപവാസദിനങ്ങളായി അനുഷ്ഠിച്ചിരുന്നത് ശ്ലൈഹികകാലം മുതൽ തുടരുന്ന പാരമ്പര്യമാണ്. അമ്പത് നോമ്പ്, ഇരുപത്തിയഞ്ച് നോമ്പ്, ശ്ലീഹാക്കാല നോമ്പ്, പതിനഞ്ച് നോമ്പ്, മൂന്നു നോമ്പ്, എട്ടുനോമ്പ് അങ്ങനെ വർഷത്തിൽ കൂടുതൽ ദിവസങ്ങളും നോമ്പിന്റെ ചൈതന്യത്തിലായിരുന്നു. മാർത്തോമ്മാനസ്രാണികൾ നോമ്പിന്റെ ചൈതന്യം എന്നതുകൊണ്ടർഥമാക്കുന്നത് മുഴുവൻ വർജ്ജനമാണ്. മത്സ്യം, മാംസം, മുട്ട, പാൽ, പാലുൽപന്നങ്ങൾ. മദ്യം, ലൈംഗികബന്ധം തുടങ്ങി എല്ലാത്തിൽനിന്നുമുള്ള ഒരു മാറി നിൽക്കൽ.

## 6. തീർത്ഥാടനം

തോമാശ്ലീഹായുമായി ബന്ധപ്പെട്ട പള്ളികളോട് നസ്രാണികൾക്ക് പ്രത്യേക മമത ഉണ്ടായിരുന്നു. ശ്ലീഹായുടെ രക്തസാക്ഷിത്വസ്ഥലമായ മൈലാപ്പൂർ ആയിരുന്നു ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടനകേന്ദ്രം. ശ്ലീഹാ സ്ഥാപിച്ച ഏഴുപള്ളികളും തീർത്ഥാടന സ്ഥലങ്ങളായിരുന്നു. പരി. അമ്മ യുടെ നാമത്തിലുള്ള പള്ളികൾ (ഉദാ: കുറവിലങ്ങാട്, മണർകാട്, കാഞ്ഞി രപ്പള്ളി) പുരാതന തീർത്ഥാടനകേന്ദ്രങ്ങളാണ്. നോമ്പനുഷ്ഠിച്ചും ഉപവ സിച്ചുമായിരുന്നു നസ്രാണികൾ തീർത്ഥാടനം നടത്തിയിരുന്നത്.

## 7. രാക്കുളി - പിണ്ടികുത്തിപ്പെരുന്നാൾ

ദനഹായുടെ രാത്രി മാർത്തോമ്മാ നസ്രാണികൾ സമീപത്തുള്ള തോട്ടിലോ ആറ്റിലോ പോയി ആഘോഷമായി മുങ്ങിക്കുളിച്ചിരുന്നു. ദന ഹാത്തിരുനാളിന്റെ രാത്രിയിൽ കർത്താവിന്റെ മാമ്മോദീസായെ അനു സ്മരിപ്പിച്ച് നടത്തിയിരുന്ന ആചാരപൂർവമായ ഈ കുളിയാണ് 'രാക്കു ളിപ്പെരുന്നാൾ'. അന്നേദിവസംതന്നെ രാത്രിയിൽ വീടുകളിലും പള്ളിക ളിലും വാഴപ്പിണ്ടികളിൽ എണ്ണവിളക്കുകൾ തെളിച്ച് അതിനു ചുറ്റും 'ഏൽപയ്യാ" (ദൈവം പ്രകാശമാകുന്നു) എന്നു പാടി നടത്തിയിരുന്ന പ്രദ ക്ഷിണ ശുശ്രൂഷയാണ് 'പിണ്ടികുത്തിപ്പെരുന്നാൾ' എന്നറിയപ്പെടുന്നത്.

## 8. പെസഹാ അപ്പം

തനതായ രീതിയിൽ പെസഹാ ആചരിക്കുന്നവരാണ് മാർത്തോമ്മാ നസ്രാണികൾ. പെസഹാ വ്യാഴം വൈകുന്നേരം ഭവനങ്ങളിൽ നടത്തി യിരുന്ന "അപ്പം മുറിക്കലും', 'പാലുകുടി"യുമാണ് നസ്രാണിത്തനിമയി ലുള്ള പെസഹാ ആചരണം. പുളിപ്പില്ലാത്ത ഈ അപ്പം കുരിശപ്പം എന്ന റിയപ്പെടുന്നു. കുടുംബത്തിലെ ഏറ്റവും പ്രായം ചെന്ന പുരുഷൻ ആണ് ഇത് മുറിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്നത്. തേങ്ങാപ്പാൽ ശർക്ക രയുമായി ചേർത്ത മിശ്രിതം 'പാൽ' എന്ന് അറിയപ്പെടുന്നു. ഈ അപ്പവും പാലും പെസഹായ്ക്ക് മാത്രമേ വീടുകളിൽ ഉണ്ടാക്കാറുള്ളൂ. പ്രസ്തുത വർഷം കുടുംബത്തിൽ ആരെങ്കിലും മരിച്ചാൽ ആ കുടുംബത്തിൽ കുരി ശപ്പം പുഴുങ്ങാറില്ല. പക്ഷേ, അയൽപക്കഭവനങ്ങളിൽനിന്ന് കുരിശപ്പം കൊണ്ടുവരികയും മരണം നടന്ന കുടുംബത്തിൽ അപ്പം മുറിക്കൽ നട ത്തുകയും ചെയ്യുന്നു.

## 9. പേരിടീൽ

വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുമുള്ള പേരുകളിലാണ് നസ്രാണികൾ പൊതുവേ അറിയപ്പെട്ടിരുന്നത്. ആദ്യകാല വിശുദ്ധരുടെയും സഭാപി താക്കന്മാരുടെയും പേരുകളും അവർക്ക് സുപരിചിതമായിരുന്നു. ഈ സുറിയാനി നാമങ്ങൾ മലയാളീകരിച്ച് ഉപയോഗിക്കുന്ന രീതിയുമുണ്ടാ

യിരുന്നു. (ഉദാ: മത്തായി - മത്തായിച്ചൻ, മത്തച്ചൻ, മാത്തു; യാക്കോബ് - ചാക്കോ, ചാക്കോച്ചൻ, ഇക്കാച്ചൻ, ഇക്കാക്കോ) മൂത്തപുത്രന് അപ്പന്റെ അപ്പന്റെ പേരും മൂത്തപുത്രിക്ക് അപ്പന്റെ അമ്മയുടെ പേരും രണ്ടാമത്തെ പുത്രന് അമ്മയുടെ അപ്പന്റെ പേരും രണ്ടാമത്തെ പുത്രിക്ക് അമ്മയുടെ അമ്മയുടെ പേരും തുടർന്നു പോന്നു. പിന്നീടുണ്ടാകുന്ന മക്കൾക്ക് അടുത്ത ചാർച്ചക്കാരുടെയും ബന്ധുക്കളുടെയും പേരുകൾ. ഒരേ പേരുകൾ തല മുറകളായി തുടർന്നിരുന്നു എന്നർത്ഥം. കുടുംബപ്പേരുകളും നസ്രാണി കൾക്ക് പ്രധാനമായിരുന്നു. കുടുംബമഹിമയും പാരമ്പര്യവും പ്രത്യേക തകളും കുടുംബപ്പേരിൽ അഥവാ വീട്ടുപേരിൽ വിളങ്ങിനിന്നിരുന്നു.

## 10. പട്ടക്കാരോടും മുതിർന്നവരോടുമുള്ള ആദരവ്

നസ്രാണികളുടെ വലിയൊരു പ്രത്യേകതയാണ് പട്ടക്കാരോടും മുതിർന്നവരോടും ഗുരുക്കന്മാരോടുമുള്ള ആദരവ്. ജനിച്ചയുടനെ കുഞ്ഞു ങ്ങളുടെ ചെവിയിൽ 'ഈശോമിശിഹാ' എന്ന് ഉച്ചരിച്ച് കൊടുക്കുന്നു. അവന് അല്ലെങ്കിൽ അവൾക്ക് സംസാരിക്കാറാകുമ്പോൾ 'ഈശോമിശി ഹായ്ക്ക് സ്തുതിയായിരിക്കട്ടെ' എന്ന് ചൊല്ലി പഠിക്കുന്നു. പട്ടക്കാരെയും മുതിർന്നവരെയും കാണുമ്പോൾ ആദരവോടെ അർപ്പിക്കുന്ന ആശംസ യാണ് ഇത്. പ്രസ്തുത ആശംസ കേൾക്കുന്നവർ 'ഇപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ' എന്ന് പ്രത്യുത്തരിക്കുകയും ചെയ്യുന്നു. സന്ധ്യാ പ്രാർഥനയ്ക്കുശേഷം കുടുംബങ്ങളിൽ ഇളയവർ തുടങ്ങി ഓരോരുത്ത രായി മുതിർന്നവർക്ക് 'സ്തുതി" നൽകുന്നു. വിവാഹം, മനസമ്മതം, പട്ടം പോലെയുള്ള പ്രധാനകർമങ്ങൾ നടക്കുന്നതിനുമുമ്പ് കാരണവ ന്മാർക്ക് സ്തുതി അർപ്പിക്കുന്ന പതിവ് ഇപ്പോഴും തുടരുന്നുണ്ട്.

## 11. വിവാഹം

വ്യക്തികൾ തമ്മിലുള്ള ബന്ധത്തോടൊപ്പം രണ്ടു കുടുംബങ്ങൾ തമ്മിലുള്ള ബന്ധം ഊട്ടി ഉറപ്പിച്ചിരുന്നതായിരുന്നു നസ്രാണി വിവാഹം. മനസ്സമ്മതം വീടുകളിലായിരുന്നു നടത്തിയിരുന്നത്. മതസൗഹാർദ്ദം വിളി ച്ചോതുന്ന സാമൂഹികമായ ഒരു ഉത്സവം കൂടിയായിരുന്നു വിവാഹം. വിവാ ഹത്തിന്റെ പ്രധാന കർമ്മങ്ങളായിരുന്നു താലികെട്ട്, കിരീടം വാഴ്ത്തൽ, മന്ത്രകോടി അണിയിക്കൽ എന്നിവ. ആലില ആകൃതിയിൽ 21 മുത്തു കൾ ചേർത്ത് എടുക്കുന്ന സ്ലീവാ ആയിരുന്നു താലി. താലി ബന്ധിപ്പി ക്കാൻ മന്ത്രകോടിയിലെ മൂന്ന് നൂലിഴകൾ ഉപയോഗിച്ചിരുന്നു. വധുവായ തിരുസ്സഭയെ വരനായ മിശിഹാ കിരീടമണിയിക്കുന്നത് നസ്രാണി വിശ്വാ സത്തിന്റെ ഭാഗമാണ്. കല്യാണത്തിൽ വരന്റെയും വധുവിന്റെയും ശിര സിൽ പുരോഹിതൻ കിരീടങ്ങൾ അണിയിക്കുന്നു. നിത്യജീവിതത്തിൽ അണിയിക്കപ്പെടാനിരിക്കുന്ന സ്വർഗ്ഗീയ കിരീടത്തിന്റെ മുന്നാസ്വാദനമാ ണിത്. വരൻ വധുവിനെ അണിയിക്കുന്ന മന്ത്രകോടി വധുവിനുള്ള സംര ക്ഷണ കവചമാണ്. താലിയും മന്ത്രകോടിയും സാംസ്കാരികാനുരൂപ

ണത്തിന്റെ ഭാഗമാണ്. മരണംവരെ വധു താലി കഴുത്തിൽനിന്ന് മാറ്റിയിരുന്നില്ല. മരണശേഷം താലി പള്ളിയിലെ നേർച്ചപ്പെട്ടിയിൽ നിക്ഷേപിച്ചിരുന്നു. മരണശേഷം ഭാര്യയെ അണിയിച്ചിരുന്നത് മന്ത്രകോടിയാണ്.

## 12. മൃതസംസ്കാരം

പങ്കെടുക്കുന്നവർ എല്ലാവരും വെള്ളവസ്ത്രം ധരിക്കുകയും മൃതശരീരം വെള്ളവസ്ത്രംകൊണ്ട് മൂടുകയും ചെയ്തിരുന്നു. ശിരസ്സിൽ അണിയിച്ചിരുന്ന പൂക്കളും (മുടി) വെള്ളയായിരുന്നു. അത്മായരെ അടക്കുമ്പോൾ തല കിഴക്കിന് അഭിമുഖമായി അടക്കുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവന്റെ അടയാളമായ സ്ലീവാ കിഴക്ക് പ്രത്യക്ഷപ്പെടുമ്പോൾ അത് ദർശിക്കാൻ ഉതകും വിധമുള്ളതാണ് ഇത്തരത്തിലുള്ള അടക്കശുശ്രൂഷ. പട്ടക്കാരെ പടിഞ്ഞാറോട്ട് അഭിമുഖമായാണ് അടക്കുക. കർത്താവിന്റെ വരവിൽ അവനോടൊപ്പം തന്റെ ആടുകളെ വേർതിരിക്കാൻ പട്ടക്കാരും എഴുന്നള്ളുന്നു എന്നാണ് വിശ്വാസം. മൃതശരീരം അടക്കം ചെയ്യുന്നതുവരെ വീട്ടിൽ ഭക്ഷണം പാകം ചെയ്തിരുന്നില്ല. അടക്കിനുശേഷം "പട്ടിണിക്കഞ്ഞി" എന്നറിയപ്പെടുന്ന സസ്യാഹാരം എല്ലാവർക്കും വിളമ്പിയിരുന്നു. ഏഴ്, പതിനൊന്ന്, നാല്പത്തി ഒന്ന്, ചരമവാർഷികം എന്നിവ ആചരിച്ചിരുന്നു. പള്ളിയിലെ പ്രാർത്ഥനകൾക്കുശേഷം വീട് വെഞ്ചരിക്കുകയും എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നു. ഓർമ്മദിനങ്ങളിലെ ഭക്ഷണത്തിനുമുണ്ട് പ്രത്യേക ക്രമം. ആദ്യം പഴം ഭക്ഷിക്കുന്നു. തുടർന്ന് മൂന്ന് ഉണ്ണിയപ്പം അല്ലെങ്കിൽ ചെറിയ മൂന്ന് നെയ്യപ്പം. ആദം പഴം കഴിച്ച് പാപത്തിൽ വീണതിനെയും മിശിഹാ അപ്പംവഴി ആ വിഴ്ചയിൽനിന്ന് മനുജനെ കരേറ്റിയതിനെയും ഈ കർമ്മം അനുസ്മരിപ്പിക്കുന്നു. 'പഴത്താലെ വന്നത് അപ്പത്താലെ പോയി' എന്ന ഒരു ചൊല്ലുതന്നെ ഇതോടൊത്ത് ഉണ്ട്. വിവാഹിതയായ പെൺമക്കൾക്കാണ് അപ്പം ഉണ്ടാക്കാനുള്ള പ്രത്യേക അവകാശം കൊടുത്തിരുന്നത്.

## 13. നസ്രാണി സംഗീതം

സുറിയാനി സംഗീതമാണ് മാർത്തോമ്മാ നസ്രാണിസംഗീതത്തിന്റെ അടിസ്ഥാനം. ആരാധനാക്രമത്തെ മുഴുവനും സംഗീതാത്മകമായാണ് നസ്രാണികൾ കാണുന്നത്. തന്മൂലം പ്രാർത്ഥനകളെല്ലാം ഈണത്തിൽ ചൊല്ലുന്നു. വിശുദ്ധഗ്രന്ഥവായനകളും സംഗീതാത്മകമായി നിർവഹിക്കുന്നു. പള്ളിയിൽ ഗായകസംഘത്തിന് നിൽക്കാൻ പ്രത്യേക സ്ഥലമുണ്ട്. 'കെസ്ത്രോമ' എന്ന സ്ഥലത്ത് നിൽക്കുന്ന ഗായകസംഘം മാലാഖമാരുടെ ഗണത്തിലാണ്. സംഗീതത്തെ സ്വർഗ്ഗീയാരാധനയുടെ ഭാഗമായി കാണുകയും ഗായകസംഘത്തെ സ്വർഗത്തിൽ സ്തുതിപാടുന്ന മാലാഖമാരുടെ ഗണത്തിൽ ചേർക്കുകയും ചെയ്യുന്നത് മാർത്തോമ്മാ നസ്രാണി പാരമ്പര്യത്തനിമയാണ്.

## 14. നസ്രാണി കലകൾ

മാർഗ്ഗംകളി, റമ്പാൻ പാട്ട്, പരിചമുട്ടുകളി തുടങ്ങിയ തനത് നസ്രാണികലകളിലൂടെ മാർത്തോമ്മായുടെ മാർഗ്ഗം അവർ തലമുറകളായി കൈമാറുന്നു. മാർഗ്ഗം കളിയിൽ മാർത്തോമ്മാഗീതങ്ങൾ പാടി കളിക്കാർ സ്ലീവായെ വണങ്ങുന്നു. റമ്പാൻപാട്ടിൽ മാർത്തോമ്മായുടെ പ്രേഷിത പ്രവർത്തനങ്ങളെ പാടി വിശദീകരിക്കുന്നു. പരിചമുട്ടുകളി പുരുഷന്മാരുടെ കലയാണ്. വാളും പരിചയുമായി മാർത്തോമ്മാചരിതങ്ങൾ പാടി അവതരിപ്പിക്കുന്ന കലാരൂപമാണ് പരിചമുട്ടുകളി.

## ഉപസംഹാരം

പാരമ്പര്യങ്ങളോട് എന്നും വിശ്വസ്തരായിരുന്ന ഒരു സമൂഹമായിരുന്നു മാർത്തോമ്മാ നസ്രാണികൾ. പിതാവായ മാർത്തോമ്മായിൽനിന്ന് കിട്ടിയ വിശ്വാസപാരമ്പര്യം അഭംഗുരം നസ്രാണികൾ ഇവിടെ കാത്തുസൂക്ഷിച്ചു. 16-ാം നൂറ്റാണ്ടുവരെ വീഴ്ചയോ താഴ്ചയോ ഇല്ലാതെ പ്രസ്തുത വിശ്വാസപാരമ്പര്യം ഭാരതമണ്ണിൽ അവർ വളർത്തി. എന്നാൽ, കാലത്തിന്റെ ഗതിവിഗതികളിൽപെട്ട് ഈ സമൂഹം പലതായി വിഭജിക്കപ്പെട്ടു. മാർത്തോമ്മായുടെ സഭാഗാത്രത്തിനേറ്റ ഈ മുറിവ് ആഴത്തിലുള്ളതായിരുന്നു. ഇത്തരം വിഭജനങ്ങളും ലത്തീനീകരണംമൂലമുണ്ടായ തളർച്ചയും നസ്രാണികളുടെ സ്വത്വബോധത്തിൽ ഇടിവ് തട്ടിച്ചു. അതിൽനിന്ന് ഒരു തിരിച്ചുപോക്ക് ആവശ്യമാണ്. മുകളിൽ പ്രതിപാദിച്ച പല പാരമ്പര്യങ്ങളും ഇന്ന് നസ്രാണികൾക്ക് അന്യം നിന്നുതുടങ്ങി. അന്യം നിന്ന നസ്രാണി പാരമ്പര്യങ്ങൾ തിരിച്ചെടുക്കാനും കാത്തുസൂക്ഷിക്കാനും സാധ്യമാകുന്ന ഒരു നല്ല നാളേക്കായി ഒരുമിച്ച് അധ്വാനിക്കാം.

(കടപ്പാട്: ക്രൈസ്തവ കാഹളം 2017 ജനുവരി)

## പിൻകുറിപ്പ് ജോസഫ് പുലിക്കുന്നേൽ

മാർത്തോമ്മാ പാരമ്പര്യങ്ങളിൽ മതപരമായ കാര്യങ്ങൾക്ക് പ്രധാന സ്ഥാനം നൽകിയിരുന്നു. മാർത്തോമ്മാ പാരമ്പര്യത്തിൽ മെത്രാൻ പള്ളിവക സ്വത്തിന്റെ ഉടമസ്ഥനായിരുന്നില്ല. അർക്കാദിയാക്കോനായിരുന്നു സമൂഹസ്വത്തിന്റെ നിയന്താവ്. ലത്തീൻ പാരമ്പര്യമാണ് മെത്രാൻ പാരമ്പര്യം. ലത്തീൻ പാരമ്പര്യത്തിൽ മെത്രാൻ പള്ളിസ്വത്തിന്റെ ഉടമയായിരുന്നു. സീറോ മലബാർ സഭയെ വ്യക്തിസഭയായി ഉയർത്തിയിട്ടും പൂർവ പാരമ്പര്യം നമുക്ക് ഇതുവരെയായി തിരിച്ചുതന്നിട്ടില്ല. പാശ്ചാത്യ കാനോൻനിയമത്തിലൂടെ മെത്രാൻ പള്ളിവക സ്വത്തിന്റെ ഉടമയായി തീർന്നു. മെത്രാൻ മാർത്തോമ്മാ പാരമ്പര്യത്തിൽ ആധ്യാത്മികകാര്യങ്ങളുടെ നിർവാഹകൻ മാത്രമാണ്. പോർട്ടുഗീസുകാർ ഇവിടെ എത്തിയതിനും അതിനു ശേഷവും മാത്രമാണ് മെത്രാന്മാർക്ക് ഭരണാധികാര സ്ഥാനം ലഭിച്ചത്. അതായത് മാർത്തോമ്മാ സമുദായത്തിന്റെ അവസാന

മെത്രാനായിരുന്ന മാർത്തോമ്മായെ അങ്കമാലിപള്ളിയിൽ അടക്കം ചെയ്തത് സഭയുടെ ഭരണാധികാരിയായിരുന്നു. മെത്രാൻ പദവി ലത്തീൻ സഭയിൽ പ്രധാനമായിരുന്നതുപോലെ നസ്രാണി സഭയിലും പ്രധാനമാകണമെന്ന ഒരു ചിന്ത നസ്രാണികളിൽ പോർട്ടുഗീസുകാർ വളർത്തിയെടുത്തു. കരിയാറ്റിയെ മെത്രാനായി ഉയർത്തിയപ്പോൾ അത് വലിയൊരു നേട്ടമായിട്ടാണ് സുറിയാനിക്കാർ ആഘോഷിച്ചിരുന്നത്. യഥാർത്ഥത്തിൽ കരിയാറ്റിയുടെ മെത്രാൻ പദവി ലത്തീൻ ഭരണ സമ്പ്രദായത്തിന്റെ ഒരു പുനരുദ്ധാരണം മാത്രമായിരുന്നു. അതുകൊണ്ടാണ് കരിയാറ്റിയെ ഗോവയിൽ വെച്ച് വധിക്കുന്നത്. കരിയാറ്റിയുടെ മരണത്തിനുശേഷം, പാറേമ്മാക്കലിനെ ഗോവർണദോറായി നിയമിച്ചത് ലത്തീൻ സമ്പ്രദായത്തിന്റെ അടിച്ചേല്പിക്കലായിരുന്നു. നമുക്ക് ആവശ്യമായിരുന്നത് അർക്കാദിയാക്കോൻ (ജാതിക്കുകർത്തവ്യൻ) സ്ഥാനത്തിന്റെ പുനരുദ്ധാരണമായിരുന്നു. ഇന്നും അതു നടന്നിട്ടില്ല എന്നുള്ളത് ഖേദകരമാണ്

സീറോ മലബാർ സഭയുടെ സിനഡ് എന്നു പറഞ്ഞ് ഈയിടെ ഇരിങ്ങാലക്കുടയിൽ വിളിച്ചുകൂട്ടിയ യോഗം നസ്രാണികളുടെ പാരമ്പര്യത്തിൽപ്പെട്ടതല്ല.

ഈ ലേഖനമെഴുതിയ ബഹുമാനപ്പട്ട വൈദികൻ സുപ്രസിദ്ധ ചരിത്രകാരനായ ഫാ. സേവ്യർ കൂടപ്പുഴ നല്ലതണ്ണിയിൽ സ്ഥാപിച്ച നസ്രാണി സന്യാസാശ്രമത്തിലെ ഒരു പുരോഹിതനാണ് എന്നത് അദ്ദേഹത്തിന്റെ ചരിത്രപരമായപാണ്ഡിത്യം തെളിയിക്കുന്നു.

●●

## വിവാഹിതർക്കും പുരോഹിതരാകാം
### (മാർപാപ്പാ)

വിവാഹിതരായവർക്കും പുരോഹിതരാകുന്നതിനോട് തനിക്ക് യോജിപ്പാണെന്നു ഫ്രാൻസിസ് മാർപാപ്പാ. ജർമൻ പത്രത്തിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. കത്തോലിക്കാ സഭയിൽ ആവശ്യത്തിന് പുരോഹിതരില്ലാത്തതാണ് ഇങ്ങനെയൊരു ആലോചനയിലേക്ക് മാർപാപ്പായെ നയിച്ചത്.

"സഭയിൽ പുരോഹിതരില്ലാത്തത് ഗുരുതരമായ പ്രശ്നമാണ്. അതിനാൽ വിവാഹിതരെയും പുരോഹിതരാക്കാമോയെന്ന സാധ്യത പരിശോധിക്കും" -മാർപാപ്പാ പറഞ്ഞു. അത് നടപ്പായാൽ അവർക്ക് നിർവഹിക്കാൻ കഴിയുന്ന പ്രവൃത്തികൾ ഏതാണെന്നത് നിശ്ചയിക്കണമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഇപ്പോൾ പുരോഹിതരായിരിക്കുന്നവർക്ക് വിവാഹം കഴിക്കുന്നതിന് അനുമതിയുണ്ടാവില്ല. നിലവിൽ കത്തോലിക്കാ സഭയിൽ വിവാഹിതർക്ക് പ്രത്യേക അനുമതിയോടെ മതപരമായ ചടങ്ങുകൾ നടത്താം. ( മാതൃഭൂമി ദിനപത്രം 2017 മാർച്ച് 11)

# മാറ്റേണ്ട മനോഭാവങ്ങൾ

**ജയിംസ് ഐസക്**

കേരള തലസ്ഥാനമായ തിരുവനന്തപുരത്ത് കത്തോലിക്കാ സഭയുടെ മൂന്നു വിഭാഗങ്ങളും തഴച്ചു വളർന്നിട്ടുണ്ട്. ഒക്ടോബർ ഡിസംബർ ലക്കം ഓശാനയിൽ പ്രൊഫ. പി. എൽ പൗലോസിന്റെ പ്രൗഢഗംഭീരമായ ലേഖനം തിരുവനന്തപുരം നഗരപ്രദേശത്ത് പന്ത്രണ്ടിലേറെ ദേവാലയങ്ങൾ ഇപ്പോൾതന്നെ ഉള്ളതായും വീണ്ടും ദേവാലയങ്ങൾ സ്ഥാപിക്കാൻ സഭകൾ പരസ്പരം മത്സരിക്കുന്നതായും വിവരിക്കുന്നു.

തലസ്ഥാന നഗരത്തിൽ പണ്ടു മുതൽ ശക്തിപ്രാപിച്ചത് ലത്തീൻ സഭയാണ്. സാർവത്രിക സഭയുടെ എല്ലാ ലക്ഷണങ്ങളും പ്രകടിപ്പിച്ചു കൊണ്ടാണ് ലത്തീൻ സഭ ഇവിടെ വളർന്നത്. തീരദേശവാസികളായ മത്സ്യതൊഴിലാളികളും ഭരണയന്ത്രം തിരിക്കുന്ന ഉന്നതരും ഒരുപോലെ തലസ്ഥാന നഗരത്തിലെ സഭയിൽ നേതൃത്വം വഹിച്ചിരുന്നു. 1930-നു ശേഷമാണ് മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ മലങ്കര കത്തോലിക്കാ ഹയരാർക്കി ഇവിടെ ഉണ്ടാകുന്നത്. പ്രോട്ടസ്റ്റന്റ് ലോകത്തിൽ നിന്നു കാർഡിനൽ ന്യൂമാൻ കത്തോലിക്കാ സഭയിൽ വന്നപ്പോൾ ലഭിച്ചതുപോലെ മാർ ഈവാനിയോസിന് ലോകമെങ്ങുമുള്ള കത്തോലിക്കാ സമൂഹത്തിൽനിന്നു വലിയ സ്വീകരണം ലഭിച്ചു. ജർമ്മനിയിലും ഇംഗ്ലണ്ടിലും ആസ്ട്രേലിയയിലും അമേരിക്കയിലും സ്വീകരണങ്ങൾ നടന്നു. അതോടെ മലങ്കര കത്തോലിക്കാ സഭ സാമ്പത്തികമായി വളർന്നു. തിരുവിതാംകൂർ ഗവൺമെന്റിന്റെ ആനുകൂല്യം നേടി തലസ്ഥാന നഗരത്തിൽ നല്ലൊരു ഭൂവിഭാഗം സഭയ്ക്കു സ്വന്തമായി. മലങ്കര കത്തോലിക്കാ സഭ കേരളത്തിലെ സാമ്പത്തിക സാമ്രാജ്യങ്ങളിൽ ഒന്നായി മാറി. തിരുവല്ല രൂപതയും ബത്തേരി, മൂവാറ്റുപുഴ രൂപതകളും കഴിഞ്ഞ് മാർത്താണ്ഡം എന്ന പേരിൽ കന്യാകുമാരി ജില്ലയിലും ഒരു രൂപത ഈ സഭയ്ക്കുണ്ടായി. ഇപ്പോൾ മലങ്കര കത്തോലിക്കാ സഭ ഒരു പൗരസ്ത്യ വ്യക്തിസഭയായി. മെത്രാപ്പോലീത്താ മേജർ ആർച്ചുബിഷപ്പും കർദിനാളുമായി. മാർത്താണ്ഡം രൂപത നാടാർ സമുദായത്തിനുവേണ്ടി മാത്രമായി തമിഴിൽ കർമങ്ങൾ നടത്തുന്ന രൂപതയാണ്. ചുരുക്കത്തിൽ തിരുവനന്തപുരത്തെ മറ്റൊരു സഭാ സാമ്രാട്ടായിരിക്കുന്നു മലങ്കരസഭാ മേജർ ആർച്ചു ബിഷപ്പ് അഥവാ കാതോലിക്കോസ്. മെഡിക്കൽ കോളജ്, എൻജിനിയറിംഗ് സ്ഥാപനങ്ങൾ കൂടാതെ മേജർ സെമിനാരിയും ഇന്നു മലങ്കര കത്തോലിക്കാ സഭയ്ക്കുണ്ട്.

തെക്കൻ തിരുവിതാംകൂറിൽ എസ്റ്റേറ്റുകൾ സമാഹരിക്കുന്നതോടൊപ്പം പ്രേഷിത പ്രവർത്തനങ്ങളും വളരെ പ്രയോജനപ്രദമെന്നു മലങ്കര കത്തോലിക്കാ സഭയും ചങ്ങനാശ്ശേരി രൂപതയും മനസ്സിലാക്കി. ആത്മാക്കളെ നേടുക എന്ന പ്രഖ്യാപനവുമായി പുരോഹിതർ പ്രേഷിത

വേലക്കിറങ്ങി. കന്യാകുമാരി ജില്ലയിൽ 300 വർഷം മുമ്പുതന്നെ വിദേശിയരായ മിഷനറിമാർ മാനസാന്തരവേല തുടർന്നിരുന്നു. നാഗർകോവിൽ കേന്ദ്രമായി കോട്ടാർ രൂപത ഇവിടെ പ്രവർത്തനം നടന്നിരുന്നു. വാഴ്ത്തപ്പെട്ട ദൈവസഹായം പിള്ളയ്ക്കു ജന്മം നൽകിയത് പത്മനാഭപുരം (തക്കല) എന്ന പ്രസിദ്ധ ഗ്രാമമായിരുന്നു. കോട്ടാർ രൂപതയുമായി ബന്ധപ്പെടാതെ, ചങ്ങനാശ്ശേരി തക്കല രൂപതയും തിരുവനന്തപുരം മാർത്താണ്ഡം രൂപതയും സൃഷ്ടിച്ചു. ഇവർ അവിടെ രൂപം കൊടുത്ത രണ്ടു രൂപതകൾക്കും ഇന്നു ആരാധനാ ഭാഷ തമിഴ് ആണ്. മാർതോമ്മാ പാരമ്പര്യം അവകാശപ്പെടാൻ ഇവർക്ക് എന്തുണ്ട്? പോർട്ടുഗീസുകാർ പ്രകടിപ്പിച്ച കൊളോണിയൽ താൽപര്യം തന്നെ ചങ്ങനാശ്ശേരി സീറോമലബാർ സഭയും തിരുവനന്തപുരം മലങ്കര സഭയും പിൻതുടരുന്നു. നാടാർ സമുദായം ഇരുരൂപതകളിലും രണ്ടാം തരക്കാർ ആയി പരിഗണിക്കപ്പെടുന്നു.

സീറോ മലബാർ സഭ തെക്കൻ തിരുവിതാംകൂറിൽ പ്രേഷിതജോലി തുടങ്ങുന്നത് കാവുകാട്ടു പിതാവിന്റെ ഭരണകാലത്താണ്. തിരുവനന്തപുരത്തു ദേവാലയം ഉണ്ടാകുന്നതും അക്കാലത്തുതന്നെ. സഭയിലെ സമുന്നതരായ ഷെവ. ഐ. സി. ചാക്കോ ഷെവ. കെ. സി. ചാക്കോ എന്നിവർ പാളയം പള്ളിയിൽ വന്നു വിശുദ്ധ കുർബാനയിൽ സംബന്ധിച്ചിരുന്നു. ഷെവ. കെ. സി. ചാക്കോ ലത്തീൻ കുർബാനയിൽ ശുശ്രൂഷിയായി സേവനം ചെയ്യുന്ന ദൃശ്യം ഇന്നും ഓർമ്മയിലുണ്ട്. ശ്രീ. ബാബുപോൾ ഐ.എ.എസ്. ഇപ്പോഴും ഇട ദിവസങ്ങളിൽ പാളയം പള്ളിയിൽ കത്തോലിക്കാ സഭയുടെ ലത്തീൻ റീത്തിലെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നുവെന്ന് പ്രസ്താവിക്കുന്നു. ഈ മഹാരഥന്മാർ ആരും തന്നെ തങ്ങൾ മുക്കുവരുടെ പള്ളിയിലാണ് വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതെന്നു പറഞ്ഞിട്ടില്ല. ഇപ്പോൾ ലൂർദ്ദു ദേവാലയവുമായി ബന്ധപ്പെട്ട ഒരു പ്രമുഖ വൈദികൻ ഇപ്രകാരം ചോദിച്ചതായി പ്രൊഫ. ലൂക്കോസ് പറയുമ്പോൾ അത്ഭുതം തോന്നുന്നു. കത്തോലിക്കാ സഭയുടെ ആദ്യത്തെ മാർപാപ്പാ മുക്കുവൻ ആയിരുന്നുവല്ലോ. നമ്മുടെ പിതാവായ മാർതോമ്മായും കർത്താവായ യേശുവും ആശാരിമാർ ആയിരുന്നു. ഇതൊക്കെ വ്യക്തമായി അറിയുന്ന ഈ പുരോഹിതനെക്കുറിച്ചു കൂടുതൽ അറിയേണ്ടത് ആവശ്യമാണ്. ജാതിപ്പേരു പറഞ്ഞ് ആക്ഷേപിക്കുന്നതു ഗൗരവമേറിയ തെറ്റാണ്.

പ്രൊഫ. ലൂക്കോസിന്റെ പ്രസ്താവന ഞാൻ മേജർ ആർച്ചു ബിഷപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം വേണ്ടവിധം അന്വേഷിച്ചു ഉചിതമായ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നീതി നടക്കുമെന്നു തന്നെ പ്രതീക്ഷിക്കുന്നു.

വൻ നഗരങ്ങളിൽ സന്ദർശനത്തിനു വരുന്നവരെ പ്രസിദ്ധമായ ഹോട്ടലുകളുടെ പരസ്യങ്ങൾ ആകർഷിക്കാറുണ്ട്. ചൈനീസ്, മുഗൾ,

നോർത്ത് ഇന്ത്യൻ, ചെട്ടിനാട്, മദ്രാസി ഭക്ഷ്യ വിഭവങ്ങളുടെ ബോർഡുകൾപോലെ മലങ്കര, സീറോമലബാർ, ലത്തീൻ ആരാധനക്രമത്തിലുള്ള വിശുദ്ധ കുർബാനയെക്കുറിച്ചുള്ള അറിയിപ്പുകൾ നഗരങ്ങളിലെ ദേവാലയങ്ങളുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതുകൊള്ളാം. വിശ്വാസികൾക്ക് താൽപര്യമുള്ള ആരാധനക്രമം ദേവാലയത്തിൽ ലഭിക്കുന്നതു നല്ല ക്രമീകരണമാണ്. വിശ്വാസികൾക്ക് റീത്ത് ബോധം എത്രമാത്രം ആവശ്യമെന്നും ഒരു പഠനം നടത്തേണ്ടിയിരിക്കുന്നു.

ജാതിയുടെയും പാരമ്പര്യത്തിന്റെയും പേരിൽ അടിമത്തവും ചൂഷണവും തുടരുവാൻ താൽപര്യമുള്ള ഒരു പൗരോഹിത്യ മേധാവിത്വം ഇന്നും ഉണ്ട് എന്ന സത്യമാണ് പ്രൊഫ. ലൂക്കോസ് ഓശാന ലേഖനത്തിലൂടെ നമ്മോടു പറയുന്നത്. ഉത്തമ ക്രൈസ്തവ വീക്ഷണം പുലർത്തുന്നവർ സമൂഹത്തിൽ വ്യാപിക്കുന്ന വിഷമേഖലയെക്കുറിച്ചു ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. അപകടകരമായ മനോഭാവങ്ങളെ ചെറുക്കുകതന്നെവേണം. റീത്തിന്റെ പേരിലുള്ള വിഭാഗീയത ക്രിസ്തു വീക്ഷണത്തിനു നിരക്കുന്നതല്ല.

മറിയത്തിന്റെ സ്തോത്രഗീതത്തിൽ ശ്രദ്ധേയമായ ഒരു വാക്യം ഇതാണ്. ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ അവിടുന്ന് ചിതറിച്ചു. അഹങ്കാരികൾ ചിതറിക്കപ്പെടും എന്ന പ്രസ്താവന ബൈബിളിൽ ഉടനീളം കാണുന്നു. ഇസ്രായേലിന്റെ ചരിത്രവും കേരള ക്രൈസ്തവ സമൂഹത്തിന്റെ ചരിത്രവും പരിശോധിച്ചാൽ ഈ വാക്യം തികച്ചും അർഥ സംപുഷ്ടമെന്നു മനസ്സിലാകും. ജാതിയുടെ പേരിൽ അഹങ്കരിച്ചവർ ഇസ്രായേലിലും കേരളത്തിലെ ക്രൈസ്തവ സമൂഹത്തിലും നിരവധിയാണ്.

കേരളത്തിലെ പുരാതന ക്രൈസ്തവർ തോമാശ്ലീഹാ സ്നാനപ്പെടുത്തിയ മുൻ ബ്രാഹ്മണരാണെന്ന് അഹങ്കരിക്കുന്നവർ ഇന്നും നമ്മുടെയിടയിലുണ്ട്. വിദേശത്തുനിന്നുവന്ന മിഷനറിമാർ ഇവിടെയുള്ള താഴ്ന്ന ജാതികളിൽനിന്ന് വൈദിക പരിശീലനത്തിനു തെരഞ്ഞെടുത്തവരോടു വളരെ നികൃഷ്ടമായിട്ടാണു നമ്മുടെ പൂർവികർ പെരുമാറിയത്. പുരോഹിത പട്ടം ലഭിച്ചിട്ടുപോലും വിദേശിയരുടെ സെമിനാരികളിൽ പഠിച്ചതിനാൽ അശുദ്ധരായി കരുതിയെന്നു ചരിത്രത്തിൽ വായിക്കുന്നു. ആ മനോഭാവം ഇന്നും മാറിയിട്ടില്ല എന്നാണ് ഓശാനയിലെ ലേഖനം സൂചിപ്പിക്കുന്നത്.

ലത്തീൻ കുടുംബത്തിലേക്കു വിവാഹം ചെയ്യിക്കാൻ തീരുമാനിച്ച മാതാപിതാക്കളെ പരസ്യമായി അവഹേളിച്ച ഇടവകവൈദികനെ എനിക്കറിയാം. ജാതിചിന്തയുടെ അടിസ്ഥാനത്തിൽ ക്രൈസ്തവികതക്കു നിരക്കാത്ത മനോഭാവങ്ങൾ പുലർത്തുന്ന പുരോഹിതരെ എത്രയും വേഗം കുർബാന കർമ്മങ്ങളിൽനിന്നു മുടക്കേണ്ടതാണ്.

Ph: 9847126316

# കൊടുങ്ങല്ലൂർ സെന്റ് തോമസ് ദേവാലയ പ്രശ്നം

കൊടുങ്ങല്ലൂർ പള്ളിപ്രശ്നം കേരളത്തിലെ എല്ലാ ക്രൈസ്തവ സഭാംഗങ്ങളുടെയും കണ്ണു തുറപ്പിക്കണം. രണ്ടായിരം കൊല്ലത്തെ പാരമ്പര്യമുള്ള ഒരു സമുദായമാണ് കേരളത്തിലെ ക്രൈസ്തവർ. അവരുടെ പരമ്പരാഗതമായ പള്ളികളും പള്ളിവകസമ്പത്തും സംരക്ഷിച്ചുപോന്നത് നിയമമനുസരിച്ചുള്ള ഒരു ട്രസ്റ്റാണെന്നാണ് എക്കാലവും വിശ്വാസികൾ കരുതിയത്. ഒരു ട്രസ്റ്റിന്റെ നടത്തിപ്പിന് ആവശ്യമായ പരസ്പര വിശ്വാസത്തോടുകൂടി ഇടവക ജനങ്ങൾ പള്ളിവകസമ്പത്ത് ഭരിച്ചുപോന്നു. ഇടവകയുടെ ആദ്ധ്യാത്മിക കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി വികാരിമാരെ രൂപതയിൽനിന്നും അയയ്ക്കുകയും ഇടവകക്കാർ ഈ വൈദികർക്ക് അർഹമായ ശമ്പളം നൽകുകയുമാണ് ചെയ്തുപോന്നത്.

കൊടുങ്ങല്ലൂർ സെന്റ് തോമസ് പള്ളിയെ 1941–ൽ ഒരു സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കുകയും വികാരിയെ നിയമിക്കുകയും ചെയ്തു. വരാപ്പുഴ രൂപതയിൽ പുരോഹിതരുടെ എണ്ണം കുറഞ്ഞുവന്നു. 1962–ൽ ഒ.എസ്. ജെ. സന്യാസ സഭയെ പള്ളിയിലെ ആത്മീയ കാര്യങ്ങൾ നടത്തുന്നതിന് വരാപ്പുഴ രൂപത ഏല്പിക്കുകയുണ്ടായി. ഇത് കത്തോലിക്കാ സഭയിൽ സാധാരണയായി ചെയ്യാറുള്ളതാണ്. ജസ്യൂട്ട് സഭയും കർമ്മലീത്താ സഭകളുമെല്ലാം ഇടവകകൾ ഏറ്റെടുത്ത് നടത്തിപ്പോന്ന പതിവുണ്ടായിരുന്നു. ഈ പതിവനുസരിച്ചാണ് ഒ.എസ്.ജെ സഭയെ ഇടവകയുടെ ആത്മീയ കാര്യങ്ങൾ നടത്തുന്നതിനായി ഏല്പിച്ചുകൊടുത്തത്. ന്യായമായും ഇടവകജനങ്ങൾ എതിർപ്പുകളൊന്നും കൂടാതെ ഒ.എസ്. ജെ. പുരോഹിതർക്കു വേണ്ട പിന്തുണ നൽകി. ഒട്ടകത്തിന് തലചായ്ക്കാൻ സ്ഥലം കൊടുത്ത അറബിയുടെ അനുഭവമായിരുന്നു ഒ.എസ്. ജെ. സഭ പള്ളി ഏറ്റെടുത്തതിനുശേഷം ഉണ്ടായത്. ലൗകികമായ അനേകം കാര്യങ്ങളിൽ ഏർപ്പെട്ടിരുന്ന ഇടവക ജനങ്ങൾക്ക് ഇടവകയുടെ പ്രവർത്തനത്തിൽ ഒരതിർത്തിയിലപ്പുറം ഏർപ്പെടാൻ കഴിഞ്ഞില്ല. ഇത് തക്കമായെടുത്ത് ഒ.എസ്.ജെ. വൈദികർ പള്ളിസ്വത്ത് സ്വന്തമാക്കാൻ പരിശ്രമിക്കുകയായിരുന്നു. ഇതിന് ഇപ്പോഴത്തെ വരാപ്പുഴ മെത്രാൻ ഫ്രാൻസിസ് കല്ലറയ്ക്കൽ പിന്തുണ നൽകി. ഇടവക ഒരു ട്രസ്റ്റാണെന്നുള്ള നമ്മുടെ പൂർവികരുടെ കാഴ്ചപ്പാട് അംഗീകരിക്കാൻ മെത്രാൻ തയ്യാറായില്ല. ഇതാണ് പ്രശ്നമുണ്ടാക്കിയത്. ഒരു രൂപതയുടെ മെത്രാൻ ആ രൂപതയിലെ ഇടവകകളുടെ നടത്തിപ്പിൽ തീവ്ര മനസ്കനാകേണ്ടതാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാട് എപ്പോഴും ഇടവക ജനങ്ങൾക്ക് അനുകൂലമായിരിക്കണം. ഇടവക ജനങ്ങളുടെ താല്പര്യത്തെ ഹനിച്ചുകൊണ്ടുള്ള ഒരു നടപടിയും മെത്രാൻ എടുക്കാൻ പാടില്ലാത്തതാണ്. ഇവിടെ അതു സംഭവിച്ചു. ഇടവകയുടെ സമ്പത്ത് ഇടവകക്കാരുടേതാണ്. അത് കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാൻ രൂപതാ മെത്രാൻ തയ്യാറാകേണ്ടതാണ്. എന്നാൽ തനിക്കുകിട്ടിയ അധികാരത്തെ അദ്ദേഹം

ദുരുപയോഗം ചെയ്തുകൊണ്ടാണ് കൊടുങ്ങല്ലൂർ സെന്റ് തോമസ് പള്ളി വക സമ്പത്ത് ഒ.എസ്.ജെ. എന്ന സന്യാസ സമൂഹത്തിലെ അംഗങ്ങൾക്ക് വിട്ടുകൊടുത്തത്. ഇത് ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. ഇത് കേരളത്തിലെ ക്രൈസ്തവ സമൂഹങ്ങളുടെ കണ്ണു തുറപ്പിക്കേണ്ട താണ്.

വെറും കൂലിവേലക്കാരായ ഇടവകാംഗങ്ങൾ ഉൾപ്പെട്ട പള്ളിയെ തങ്ങളുടേതാക്കാനുള്ള സ്വാർത്ഥതയുടെ പിന്നിലുള്ള പ്രേരണ പിശാചു തന്നെയാണ്. കേരളത്തിലെ ക്രൈസ്തവ സഭകളുടെ സമ്പത്ത് എങ്ങനെ ഭരിക്കണമെന്നതിന് ഒരു നിയമം ഉണ്ടാകണമെന്ന് കുറേനാളായി കേരള ക്രൈസ്തവർ അവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രശസ്തനായ നിയമജ്ഞൻ വി. ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിൽ ഇതിനായി ഒരു കമ്മറ്റിയെ നിയമിക്കുകയുണ്ടായി. ഇവിടെ മുസ്ലീങ്ങൾക്ക് അവരുടെ മോസ്കുകളുടെ സമ്പത്ത് ഭരിക്കാൻ വഖഫ് നിയമമുണ്ട്. ഹിന്ദുക്കൾക്ക് അമ്പലങ്ങൾ ഭരിക്കാൻ ദേവസ്വം നിയമങ്ങളുണ്ട്. സിഖ്കാർക്ക് അവരുടെ ഗുരുദ്വാരകളുടെ സമ്പത്ത് സംരക്ഷിക്കാൻ ഗുരുദ്വാരാ ആക്ട് നിലവിലുണ്ട്.

ഒരു മതനിരപേക്ഷ രാഷ്ട്രമായ ഇന്ത്യയിൽ ഭരണഘടനയ്ക്ക് വിധേയമായി ഓരോ മതസമൂഹത്തിന്റെയും സമ്പത്ത് ഭരിക്കുന്നതിനു നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ക്രിസ്ത്യാനികൾക്കുവേണ്ടി ഒരു പ്രത്യേക നിയമം ഉണ്ടാക്കിയിട്ടില്ല. എങ്കിലും ഒരു ട്രസ്റ്റ് എന്ന നിലയിൽ പള്ളികൾ ഭരിക്കപ്പെടുമെന്ന പരമ്പരാഗത വിശ്വാസം ക്രൈസ്തവർക്കുണ്ടായിരുന്നു. പക്ഷേ ക്രൈസ്തവർക്ക് പ്രത്യേകമായ ഒരു നിയമം ആവശ്യമാണെന്ന വി.ആർ. കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ട് പ്രഖ്യാപിച്ചത് തികച്ചും ശരിയാണെന്ന് അറിയിക്കുന്നവിധത്തിലാണ് കൊടുങ്ങല്ലൂർ സെന്റ് തോമസ് പള്ളിപ്രശ്നം. ഇത് കേരളത്തിലെ എല്ലാ ക്രൈസ്തവരുടേയും കണ്ണുതുറപ്പിക്കേണ്ടതാണ്.

കേരളത്തിലെ ക്രൈസ്തവരുടെ പള്ളികളുടെ സമ്പത്ത് സംരക്ഷിക്കുന്നതിന് ഒരു നിയമം ഉണ്ടാക്കുന്നതിനുള്ള ഒരു അവസരമാണ് കൊടുങ്ങല്ലൂർ പള്ളിപ്രശ്നം ഉണ്ടാക്കിയിരിക്കുന്നത്.

ഒരു ന്യൂനപക്ഷ സമുദായമായ ക്രൈസ്തവരുടെ ആരാധനാലയങ്ങൾ പുരോഹിതർ കവർച്ചചെയ്യാൻ അനുവദിച്ചുകൂടാ. ഇതിനായി കേരളത്തിലെ എല്ലാ സഭകളിലെയും അംഗങ്ങൾ ഇറങ്ങിപ്രവർത്തിക്കേണ്ടിയിരിക്കുന്നു. കേരള ഗവൺമെന്റ് ഈ പ്രശ്നത്തെ ലഘുവായി കാണാതെ വലുതായിതന്നെ കാണണമെന്ന് അഭ്യർഥിക്കുന്നു.

ജോസഫ് പുലിക്കുന്നേൽ
എഡിറ്റർ, 'ഓശാന മാസിക'
പൂവത്തോട് പള്ളി ഇടവക, പാലാ രൂപത,

●●

# മതവിശ്വാസികൾ എല്ലാം മൗലികവാദികൾ

**തോമസ് വടക്കേക്കുറ്റ്**

മതമൗലികത ഇന്നു വളരെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. മതങ്ങളുടെ നിലനില്പും മൗലികവാദവും വളരെ ബന്ധപ്പെട്ടവയാണ്. 'അടിസ്ഥാനപരം' 'മൂലത്തെ സംബന്ധിച്ചവ' എന്നൊക്കെയാണു മൗലികത എന്നതിനു നിഘണ്ടുവിൽ വിവക്ഷിച്ചിരിക്കുന്നത്.

മതപ്രചാരണം ഇന്ത്യൻ ഭരണഘടനയ്ക്കു വിരുദ്ധമല്ല. ഹിന്ദുമതത്തിന്റെ വിശാലചിന്താഗതിയും ആർഷഭാരതസംസ്കാരവും കോർത്തിണക്കിയ, ഭാരതത്തിന്റെ മതാന്തരീക്ഷത്തെ, ഒരു സംസ്ഥാനത്തിന്റെ സാംസ്കാരിക വകുപ്പിനോടു ബന്ധപ്പെട്ട ഉത്തരവാദിത്വം ഉള്ളവർ ഇറക്കുന്ന പ്രസ്താവനകളും അതു പ്രസിദ്ധീകരിക്കുന്ന പത്രത്തറവാട്ടിലെ കാരണവരുടെ അപക്വമായ സമീപനവും ജനാധിപത്യപരമല്ല എന്നു മാത്രമല്ല, മോശമായിപ്പോയി എന്നു പറയുന്നതിലും തെറ്റില്ല.

ഏതു മതത്തിനും ഒരു അടിസ്ഥാനപ്രമാണമുണ്ട്. മതത്തിന്റെ നിലനില്പിനു പ്രചാരണവും മൗലികവാദവും കോർത്തിണക്കപ്പെട്ടിരിക്കുന്നു. അടിസ്ഥാനപ്രമാണങ്ങൾ തലമുറയ്ക്കു കൈമാറ്റംചെയ്യുന്നത് അടിസ്ഥാനപരമായി പ്രചാരണത്തിൽക്കൂടി മാത്രമാണ്. അപ്രകാരമുള്ള മതപ്രചാരണത്തെ മൗലികവാദം എന്നു വിവക്ഷിക്കാം. ക്രിസ്ത്യാനികളുടെയും ഹിന്ദുക്കളുടെയും മുസ്ലീമിന്റെയും ബുദ്ധമതക്കാരുടെയും ജൈനമതക്കാരുടെയും യൂദമതക്കാരുടെയും ഷിന്റോമതക്കാരുടെയും നിലവിലുള്ള അംഗീകാരം, യഥാർഥത്തിൽ ഓരോരുത്തരുടെയും മൗലികവാദങ്ങളുടെ ഒരു തുടർക്കഥ തന്നെയാണ്. മേല്പറഞ്ഞ മതങ്ങളും അതിന്റെ പ്രചാരകരും മൗനികൾ ആയിരുന്നെങ്കിൽ, ഇവ ചരിത്രത്തിന്റെ ഏടുകളിൽ മാത്രം ഒതുങ്ങുമായിരുന്നു.

മറ്റെല്ലാ മതങ്ങളെയുംപോലെ ക്രൈസ്തവരിൽ പെന്തെക്കോസ്തുകാർ എന്ന് അറിയപ്പെടുന്ന 'നുറുങ്ങ്' സഭക്കാർക്കും തങ്ങൾ വിശ്വസിക്കുന്ന പ്രമാണങ്ങളെ പ്രചരിപ്പിക്കാൻ അവകാശമില്ലേ? അതോ പെന്തക്കോസ്തുകാർ 'നുറുങ്ങ്'സഭകളായതിനാൽ മൗനികൾ ആയിരിക്കണമെന്നുണ്ടോ? എങ്കിൽ, കേരളാ സംസ്ഥാനവകുപ്പ് തലവനും ഭാഷാപോഷിണി – മനോരമ പ്രസിദ്ധീകരണത്തിന്റെ ഉടമകളും ഒരുകാലത്ത് വെറും നുറുങ്ങു' സഭകളുടെ അംഗങ്ങൾ ആയിരുന്നില്ലേ? അതുമല്ല, ഇന്ന് ഇന്ത്യയിൽ വെറും മൂന്നുശതമാനം മാത്രമുള്ള, ആകമാന ക്രൈസ്തവസമൂഹമായ നാം ഒരു 'നുറുങ്ങു' സഭ മാത്രമല്ലേ? ഈ വസ്തുതകൾ എല്ലാം

അറിഞ്ഞിട്ടാണോ പെന്തക്കോസ്തുകാരെ മാത്രം കുഴപ്പക്കാരായ മൗലികവാദികളും നുറുങ്ങു സഭക്കാരുമായി ചിത്രീകരിച്ചത്? എഴുത്തുകാരന്റെയും ഭാഷാപോഷിണിയുടെയും പ്രസ്താവനകളിൽ മറ്റു മതസ്ഥരെ മാനിച്ചും സാമൂഹികസേവനം ചെയ്തും സ്നേഹത്തിന്റെ സന്ദേശം പ്രചരിപ്പിച്ചും മാന്യമായി ഭാരതത്തിൽ ജീവിക്കുന്ന പെന്തെക്കോസ്തുകാരെ അധിക്ഷേപിച്ചത് അല്പം കടന്നകൈയായിപ്പോയി എന്നു പറയട്ടെ. ഇന്ത്യയിൽ ക്രൈസ്തവർ 'നുറുങ്ങ്' ആണ്. ആ തത്ത്വം മറക്കാതെവേണം ക്രിസ്ത്യാനികളെല്ലാം മുൻപോട്ടു പോകാൻ എന്നോർക്കണം.

ഇന്നു സജീവമായി നിലനിൽക്കുന്ന എല്ലാ മതങ്ങളും മൗലികവാദ സമൂഹങ്ങൾ തന്നെയാണ്. ഏതെങ്കിലും ഒരു മതസമൂഹം വളർച്ചമുറ്റി നിൽക്കുന്നെങ്കിൽ, ആ സമൂഹത്തിന്റെ മൗലികവാദത്തിനു എവിടെയോ കോട്ടം സംഭവിച്ചു എന്നതിനാൽ മാത്രമാണ്.

കമ്യൂണിസം റഷ്യയിലും ലോകത്തിൽ തന്നെയും പരാജയപ്പെടാൻകാരണം, ആ തത്ത്വചിന്തയുടെ മൗലികസ്വഭാവം നഷ്ടമായതിനാലാണ്. എന്നാൽ ഇന്നു മൗലിക വാദവും ഭീകരപ്രവർത്തനവും തമ്മിൽ അല്പമായിട്ടെങ്കിലും ബന്ധപ്പെടുത്തുന്നതായി കാണാൻ കഴിയും. ഇസ്ലാമിക് സ്റ്റേറ്റ്, ഇറാൻ, ഇറാക്ക്, അഫ്ഗാനിസ്ഥാൻ, ഇന്ത്യയുടെ ഉത്തരസംസ്ഥാന പ്രദേശങ്ങൾ, ശ്രീലങ്ക എന്നിവിടങ്ങളിൽ കാണുന്ന ഭീകരപ്രവർത്തനങ്ങളിൽ മതത്തെക്കൂടെ ചിലപ്പോൾ ബന്ധപ്പെടുത്തുന്നു എന്നും കാണുന്നു. ഇന്ത്യയിൽ അപ്രകാരമുള്ള ഒരു സ്ഥിതിവിശേഷമില്ല. സ്റ്റെയിൻസ് വധത്തോടനുബന്ധിച്ച് ചില സംഭവവികാസങ്ങൾ പല സംസ്ഥാനങ്ങളിലും കാണാൻ ഇടയായെങ്കിലും, അപ്രകാരമുള്ള സംഭവങ്ങളുടെ ആവർത്തനം പിന്നീട് കുറയുകയുണ്ടായി.

മതമൗലികവാദികൾ കുഴപ്പക്കാരായും കാണാം. എന്നാൽ, പെന്തക്കോസ്തുകാരെ സംബന്ധിച്ച് അവർ ഒരു കാലത്തും കുഴപ്പക്കാരല്ലായിരുന്നു. സുവിശേഷപ്രഘോഷണമധ്യേ ചില പാളിച്ചകൾ വന്നുകൂടായ്കയില്ല. എന്നാൽ, പെന്തക്കോസ്തുകൾ സമാധാനസുവിശേഷകർ മാത്രമാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിനു സഭകളുള്ള പെന്തക്കോസ്തുകാർ ഒരിക്കൽപോലും മതംമാറ്റൽ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടില്ല. സുവിശേഷം പ്രസംഗിക്കയും നമ്മുടെ പാതയിലേക്കു വിലയേറിയ ജീവിതങ്ങളെ ആഹ്വാനം ചെയ്യുകയും ചെയ്തുള്ള പ്രേഷിതപ്രവർത്തനം മാത്രമാണ് അവർ ചെയ്തിരുന്നത്. ആതുരപ്രവർത്തനത്തിൽ ഇന്നു പെന്തക്കോസ്തുകാർ മുന്നേറുകയാണ്.

ലോകത്തിൽ കൊടുങ്കാറ്റിന്റെ വേഗതയിലാണു പെന്തെക്കോസ്തിന്റെ മുൻപോട്ടുള്ള കുതിപ്പ്. അതിന്റെ വേഗതകുറയ്ക്കാൻ ലേഖനങ്ങൾക്കോ, പ്രസംഗങ്ങൾക്കോ, സാമ്രാജ്യശക്തികൾക്കോ സാധ്യമല്ല. ഒരു

വെറും നുറുങ്ങുസഭയായിട്ടു തഴഞ്ഞുകളയാൻ തക്കവിധം നുറുങ്ങൊന്നുമല്ല പെന്തക്കോസ്തുകാർ.

പെന്തക്കോസ്തുകാർ അടിസ്ഥാന വേദോപദേശത്തിൽ വിശ്വസിക്കുകയും അതു പ്രചരിപ്പിക്കുകയും ചെയ്യുന്ന മൗലികവാദികൾ തന്നെയാണ്. അവർ വേദപുസ്തകത്തിന്റെ ആശയങ്ങളോടു മായംകൂട്ടുന്നവരല്ല, അവർ മതംമാറ്റുന്നവരല്ല, മാനസാന്തരപ്പെടുത്തുന്നവരാണ് – മദ്യപന്മാരെയും കൊലപാതകികളെയും സാമൂഹികവിരുദ്ധരെയും കുറ്റവാളികളെയും മാനസാന്തരത്തിലേക്കു നയിക്കുന്നവൻ. അവർ പെന്തക്കോസ്തുകാർ എന്ന് അറിയപ്പെടുന്നു. രക്ഷകനായ യേശുക്രിസ്തുവിനെ ലോകത്തിനു പരിചയപ്പെടുത്തുന്നവർ മാത്രമാണു പെന്തക്കോസ്തുകാർ. അവരുടെ മൗലികവാദം ഇതു മാത്രമാണ്.

സത്യവേദപുസ്തകം മാത്രം പഠിപ്പിക്കുന്നവർ, അപ്പസ്തോലന്മാർ അറിയിച്ചതൊഴിച്ച് ആരെങ്കിലും ഒരുവൻ അറിയിച്ചാൽ – ദൈവദൂതനായാൽപോലും ശപിക്കപ്പെട്ടവൻ എന്നു പഠിപ്പിക്കുന്നവരാണു പെന്തക്കോസ്തുകാർ. കർത്താവായ യേശുക്രിസ്തുവിന്റെ നിർമല സുവിശേഷം പ്രചരിപ്പിക്കുന്നതിൽ നേതൃത്വം കൊടുത്ത ശ്ലീഹന്മാരായ പൗലോസ്, പത്രോസ് മുതലായ മൗലികവാദികളുടെ പിൻതുടർച്ചക്കാരായ പെന്തെക്കോസ്തുകാരെ യാതൊരു കാരണവശാലും നുറുങ്ങുകളായി മുദ്രയടിച്ച് ക്രൈസ്തവസമൂഹത്തിന്റെ പൊതുധാരയിൽ നിന്നും അടർത്തിമാറ്റാൻ ശ്രമിച്ചാൽ സർവശക്തന്റെ ഇടപെടൽ ഉണ്ടാകും എന്നു ചരിത്രം നമ്മെ ഓർമ്മപ്പെടുത്തുന്നു.

സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പൊതുനന്മയെക്കരുതിയും ഭരണഘടനയ്ക്കും നിയമത്തിനും അധിനരായും ആത്മികമായി മനുഷ്യനെ ദൈവത്തിങ്കലേക്ക് അടുപ്പിക്കയും ചെയ്യുന്ന പെന്തക്കോസ്തുകാർ നിയമത്തെ അനുസരിക്കുന്ന മൗലികവാദികൾ തന്നെയാണ്.

(കടപ്പാട് : ഗുഡ്ന്യൂസ് വീക്കിലി, 2017 ജനുവരി 23)

□□

# സഭാനിയമങ്ങൾ രാജ്യത്തിന്റെ നിയമങ്ങളെ മറികടക്കരുതെന്ന് സുപ്രീം കോടതി

ക്രൈസ്തവസഭ പിന്തുടരുന്ന സഭാ നിയമങ്ങൾ ആത്മീയ വിഷയങ്ങളിലും സഭാസംബന്ധിയായ വിഷയങ്ങളിലും മാത്രമേ ബാധകമാക്കാവൂ എന്നും അവ രാജ്യത്തിന്റെ എഴുതപ്പെട്ട അംഗീകൃതനിയമങ്ങൾ മറികടക്കുന്നതാകരുതെന്നും സുപ്രീംകോടതി. വിവാഹബന്ധം വേർപെടുത്തുന്നത് സംബന്ധിച്ച്, സഭാനിയമങ്ങൾ വ്യക്തിഗതനിയമമായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ പൊതുതാൽപ്പര്യ ഹർജി തള്ളിക്കൊണ്ടാണ് ചീഫ് ജസ്റ്റിസ് ജെ. എസ്. ഖെഹർ അദ്ധ്യക്ഷനായ ബെഞ്ച് ഇക്കാര്യം വ്യക്തമാക്കിയത്.

കത്തോലിക്കാ സഭാ കോടതിയുടെ കാനോൻ നിയമങ്ങൾ വ്യക്തിനിയമങ്ങളായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് കർണ്ണാടക കാത്തലിക് അസോസിയേഷൻ മുൻ പ്രസിഡന്റ് ക്ലാരൻസ് പയസാണ് ഹർജി നൽകിയത്. മുസ്ലീം സമുദായത്തിൽ തലാക്കിന് സാധുത നൽകുന്നത്പോലെ ക്രൈസ്തവരുടെ കാര്യത്തിൽ സഭാ നിയമപ്രകാരമുള്ള നടപടികൾക്ക് സാധുത നൽകണമെന്നായിരുന്നു ആവശ്യം. എന്നാൽ സഭാ നിയമങ്ങൾ ആത്മീയ കാര്യങ്ങളിലും സഭാ സംബന്ധിയായ വിഷയങ്ങളിലുംമാത്രമേ ബാധകമാക്കാവൂ എന്നും വിവാഹമോചനം പോലുള്ള സാമൂഹ്യ വിഷയങ്ങളിൽ ഇത്തരം വ്യക്തിനിയമങ്ങൾ ബാധകമാക്കാനും അവയ്ക്ക് സാധുത നൽകാനും കഴിയില്ലെന്നും കോടതി വ്യക്തമാക്കി.

വിവാഹമോചനവും ബന്ധം വേർപെടുത്തലും തുടങ്ങിയ കാര്യങ്ങൾ സഭാ വിഷയമായി മാത്രം പരിഗണിക്കാനാവില്ല. ഇക്കാര്യം 1996-ലെ മോളി- ജോസഫ് സെബാസ്റ്റ്യൻ എന്നിവർ കക്ഷികളായ കേസിൽ വ്യക്തമാക്കിയിട്ടുണ്ടെന്ന് കോടതി വ്യക്തമാക്കി. എന്നാൽ ഇന്ത്യയിലെ അംഗീകൃത നിയമങ്ങൾക്ക് സമാനമായ നിയമങ്ങളാണ് സഭാ കോടതിയുടേതെന്നായിരുന്നു ഹർജിക്കാരന്റെ വാദം. ബഹു ഭാര്യത്വമോ ഒന്നിൽ കൂടുതൽ ഭർത്താവോ ഉണ്ടാകരുതെന്ന ഇന്ത്യൻ നിയമങ്ങൾക്ക് സമാനമാണ് സഭാ നിയമങ്ങളെന്ന് ഹർജിക്കാർക്കു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ സോളി സൊറാബ്ജി ചൂണ്ടിക്കാട്ടി. എന്നാൽ വിവാഹമോചനം പോലുള്ള വിഷയങ്ങൾ സഭാ വിഷയങ്ങൾ എന്നതിനെക്കാൾ ഉപരി സാമൂഹ്യ വിഷയങ്ങളാണെന്നും അവയെ രാജ്യത്തിന്റെ നിയമവഴികളിലൂടെ മാത്രമേ കാണുകയും പരിഹരിക്കുകയും ചെയ്യാവൂ എന്ന് കോടതി ആത്യന്തികമായി വ്യക്തമാക്കുകയായിരുന്നു.

(കടപ്പാട് : മാറാനാഥാ വോയ്സ് 2017 ഫെബ്രുവരി 10)

●●

# കത്തോലിക്കാ കോൺഗ്രസ്

കേരളത്തിലെ കത്തോലിക്കർക്കെല്ലാംകൂടി ഒരു സംഘടന ഉണ്ടായിരുന്നു, കത്തോലിക്കാ കോൺഗ്രസ്. ഈ സംഘടനയുടെ പ്രസിഡണ്ട് പദവിയും സെക്രട്ടറി പദവിയും ഓരോ റീത്തിലെയും പ്രഗത്ഭന്മാർ മാറി മാറി വഹിച്ചിരുന്നു. സ്ഥാനങ്ങൾക്കുവേണ്ടിയുള്ള തർക്കം വളരെ അപൂർവ മായേ ഈ സംഘടനയിൽ ഉണ്ടായിട്ടുള്ളൂ. എന്തെല്ലാം തെറ്റു പറഞ്ഞാലും പ്രഗത്ഭരായ കത്തോലിക്കരായിരുന്നു സംഘടനയുടെ പ്രഥമ സ്ഥാനത്ത് എത്തിയിരുന്നത്.

എന്നാൽ ഈയിടെ കത്തോലിക്കാ കോൺഗ്രസിനെ സീറോ മലബാർ സഭയുടെ ഔദ്യോഗിക സംഘടനയായി അംഗീകരിച്ചുകൊണ്ട് സീറോ മലബാർ ഹൈരാർക്കി പ്രഖ്യാപിച്ചതായി പത്രവാർത്തയിലൂടെ അറിഞ്ഞു. കത്തോലിക്കാ സഭയിലെ ലത്തീൻ റീത്തുകാർക്കും മലങ്കര റീത്തുകാർക്കും വേറെവേറെ സംഘടനയെയാണ് ഭാവനയിൽ കാണുന്നത്. ഇതിന്റെ ലക്ഷ്യം വളരെ നിഗൂഢമാണ്. കേരളത്തിനു പുറത്ത് വസിക്കുന്ന സീറോ മലബാറുകാരായ കത്തോലിക്കരെ വേർതിരിച്ച് ഒരു സംഘടനയിൽ കൊണ്ടുവന്നാൽ ഭാവിയിൽ സീറോ മലബാറുകാർക്ക് മെത്രാന്മാരെ ഉണ്ടാക്കാൻ എളുപ്പമായിരിക്കും. കേരളത്തിനു പുറത്തുള്ള പല പട്ടണങ്ങളിലും സീറോ മലബാർ മെത്രാന്മാരെ നിയമിക്കുന്നതിനു ഗൂഢാലോചന നടക്കുന്നുണ്ട്. ആ ഗൂഢാലോചനയുടെ ഭാഗമായാണ് കത്തോലിക്കാ കോൺഗ്രസിനെ സീറോ മലബാർ സഭയുടെ മാത്രം സംഘടനയാക്കിയത്. സീറോ മലബാർ മെത്രാന്മാരുടെ ഉള്ളിലിരുപ്പ് കാണാനുള്ള ദീർഘദൃഷ്ടി സീറോ മലബാർ അത്മായർക്ക് ഉണ്ടാകുമെന്ന് വിശ്വസിക്കാം. ഇപ്പോൾ തന്നെ മദ്രാസിലും ഡൽഹിയിലുമെല്ലാം സീറോ മലബാർ മെത്രാസനങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ആസനം ചൊറിയുന്നവരുണ്ട്. രാജകീയ പ്രഭുത്വത്തോട് മെത്രാൻ പദവിയെ കാണാൻ സീറോ മലബാറുകാർ ആഗ്രഹിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങളെ ദുർവ്യാഖ്യാനിച്ച് സഭയെ പിളർത്താൻ ചിലർ ബോധപൂർവം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് സീറോ മലബാർ മെത്രാന്മാർക്ക് ലത്തീൻ റീത്തിലെ മെത്രാന്മാരിൽനിന്നും എന്തു വ്യത്യാസമാണുള്ളത്. ക്രിസ്തുവിന്റെ പേരിൽ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയെ ഇങ്ങനെ വെട്ടിമുറിക്കുന്നത് ദൗർഭാഗ്യകരമാണ്. അതിന്റെ ലക്ഷ്യം അധികാരവ്യാപനം മാത്രമാണ്. ഇക്കാര്യം സീറോമലബാറുകാരുതന്നെ പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. ഈസ്റ്റേൺ കാനോൻ നിയമം പാശ്ചാത്യ കാനോൻ നിയമത്തിന്റെ തനിപ്പകർപ്പാണെന്ന് അറിയാത്തവർ ആരുണ്ട്? സീറോ മലബാർ മെത്രാസന സാമ്രാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി കത്തോലിക്കാ

(ശേഷം പേജ് 16)

# ലൂർദ്ദ് പള്ളി പ്രശ്നവും അത്മായ അസ്സോസിയേഷനും

(ജോസഫ് പുലിക്കുന്നേലിന്റെ ആത്മകഥയിൽ നിന്നും ഒരു ഭാഗം)

ലൂർദ്ദ് പള്ളി പ്രശ്നം സംബന്ധിച്ച് ചിലർ എന്നെ സമീപിക്കുകയും പരിഹാരത്തിനുള്ള മാർഗം ആരായുകയും ചെയ്തു. പ്രശസ്തരായ അംഗങ്ങളുൾപ്പെട്ട സമിതിയെ പിരിച്ചുവിടുന്നതിൽ മെത്രാൻ കാണിച്ച ധൃതി നമ്മുടെ സഭയുടെ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ പഠനാർഹ മായി. അന്ന് നിലനിൽക്കുന്ന സാഹചര്യത്തിൽ അത്മായരുടെ അവകാ ശങ്ങളെപ്പറ്റി സംസാരിക്കുന്നതിന് ഒരു സംഘടന ഉണ്ടായിരുന്നില്ല. അതേ അവസരത്തിൽ പുരോഹിതന്മാർക്കും മെത്രാന്മാർക്കും എന്തും ചെയ്യാൻതക്ക ശക്തിയുണ്ടായിരുന്നുതാനും. വിദേശത്തുണ്ടാക്കിയ സഭാ നിയമത്തിന്റെ വീക്ഷണത്തിൽ പള്ളിയും പള്ളിവകസമ്പത്തും മാർപാ പ്പായുടേയും മെത്രാന്മാരുടേയും മെത്രാൻ നിയമിക്കുന്ന അച്ചന്മാരുടെ യുമാണ്. ഇതിനെ നിയമപരമായി ചോദ്യം ചെയ്യാൻ ആർക്കും അവകാ ശമില്ല. സഭയെ സംബന്ധിച്ചിടത്തോളം ഒരു കൊളോണിയൽ വ്യവസ്ഥി തിയാണ് നിലനിന്നിരുന്നത്. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം സഭ യുടെ ഭരണാധികാരി മാർപാപ്പായാണ്. മാർപാപ്പായാകട്ടെ വിദൂരമായ വത്തിക്കാനിലാണ് താമസിക്കുന്നത്. അതുകൊണ്ട് അത്മായരുടെ അവ കാശങ്ങൾക്കുവേണ്ടി വാദിക്കാൻ ആരും ഉണ്ടായിരുന്നില്ല. ഈ സാഹച ര്യത്തിൽ കേരളസഭയിൽ അത്മായരുടെ അവകാശങ്ങളെക്കുറിച്ച് പഠി ക്കാൻ ഒരു സമിതി ആവശ്യമാണെന്നു ഞാൻ പറഞ്ഞു. ഇതനുസരിച്ച് കേരളത്തിലെ കത്തോലിക്കാ സഭയുടെ ചരിത്രത്തെക്കുറിച്ച് പഠിക്കാൻ ഒരു സെമിനാർ തിരുവനന്തപുരത്തു കൂടാൻ ഞാൻ നിർദ്ദേശിച്ചു. 20-08 -1978--ൽ തിരുവനന്തപുരം ഗാന്ധിസ്മാരക മന്ദിരത്തിൽവെച്ച് കൂടിയ സെമിനാറിൽവെച്ച് “കേരള കത്തോലിക്കാ അത്മായ അസ്സോസിയേ ഷൻ” എന്ന സംഘടന രൂപവൽക്കരിച്ചു.

അസ്സോസിയേഷന്റെ പ്രസിഡണ്ടായി ശ്രീ. വി. വി.ജോസഫ് ഐ. എ.എസ്. (റിട്ട), വൈസ് പ്രസിഡണ്ടുമാരായി പ്രൊഫ. ലൂയീസ് പഞ്ഞി ക്കാരൻ, ഡോ. കെ. പി. ജോസഫ് എന്നിവരും സെക്രട്ടറിമാരായി, ശ്രീ. ടി. വി. ജോസഫ് തിരുവനന്തപുരം, ജോസഫ് പുലിക്കുന്നേൽ പാലാ, ശ്രീ. ആന്റണി പാലക്കാട്, ഐ. ഇസഡ് ചെറിയാൻ കോഴിക്കോട് എന്നി വരുൾപ്പെട്ട 21 പേരടങ്ങുന്ന ഒരു അഡ്ഹോക്ക് കമ്മറ്റിയും രൂപവൽക്കരിച്ചു.

പ്രസ്തുത സെമിനാറിൽ “കത്തോലിക്കാ സഭയിൽ അൽമാ യർക്കുള്ള സ്ഥാനം” എന്ന വിഷയത്തിന്റെ വിവിധ വശങ്ങളെ ആസ്പദ മാക്കി പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു.

## പ്രബന്ധങ്ങൾ

"മലങ്കര സുറിയാനി സഭാംഗങ്ങളായ അൽമായരുടെ സ്ഥാനവും ചുമതലകളും"- ഷെവ. വി. സി ജോർജ്

"സഭാ ഭരണത്തിൽ അൽമായരുടെ പങ്ക്" - പ്രൊഫ. ജെ. എൽ പഞ്ഞിക്കാരൻ, പാലക്കാട് എഞ്ചിനീയറിംഗ് കോളേജ്

"അൽമായരും കേരളത്തിലെ കത്തോലിക്കാ സ്ഥാപനങ്ങളും" - ശ്രീ. പി. കെ. മൈക്കിൾ തരകൻ, (സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ്)

"ഇടവകഭരണത്തിൽ അൽമായരുടെ സ്ഥാനം" - ജോസഫ് പുലിക്കുന്നേൽ

അത്മായ അസ്സോസിയേഷൻ രൂപീകരിച്ചതിന്റെ ലക്ഷ്യം കത്തോലിക്കാ സഭാവക പള്ളികളും പള്ളിസ്വത്തും ആരുടേതാണ് എന്ന് അന്വേഷിക്കുന്നതിനായിരുന്നു. അപ്പസ്തോലനായ മാർത്തോമ്മായുടെ കാലം മുതൽ കേരളത്തിൽ നിലവിലുണ്ടായിരുന്നു എന്ന് കേരള ക്രൈസ്തവർ വിശ്വസിക്കുന്ന പള്ളികളും പള്ളിവക സ്വത്തും മാർത്തോമ്മായുടെ മാർഗവും വഴിപാടും (നിയമം) അനുസരിച്ച് ഇടവകജനങ്ങളുടേതായിരുന്നു. ഇടവകയോഗമായിരുന്നു പള്ളിയുടെ കാര്യങ്ങൾ തീരുമാനിച്ചിരുന്നത്. പള്ളിഭരണം തികച്ചും ജനകീയമായിരുന്നു. എല്ലാ പള്ളികളിലും ആ പള്ളിക്കാർ ഉൾപ്പെട്ട ഇടവകയോഗം ഉണ്ടായിരുന്നു. ആ ഇടവകയോഗമാണ് പള്ളിയുടെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോന്നത്. ഇടവകയുടെ സ്വത്ത് ഇടവകയോഗത്തിന്റേതായിരുന്നു. മെത്രാനും അച്ചന്മാർക്കും ഇടവകസ്വത്തിന്റെമേൽ ഉടമസ്ഥാവകാശം ഉണ്ടായിരുന്നില്ല. പോർട്ടുഗീസുകാരുടെ വരവോടുകൂടി ഇന്ത്യയിൽ ആരംഭിച്ച രാഷ്ട്രീയ കൊളോണിയലിസത്തിന്റെ മറുപിള്ള ആയിട്ടാണ് സഭാ ഭരണം പോർട്ടുഗീസുകാർ കരുതിപ്പോന്നത്. ഉദയംപേരൂർ സൂനഹദോസോടുകൂടി കേരളത്തിലെ പള്ളികൾ മെത്രാന്മാരുടേതും പാതിരിമാരുടേതുമായിതീർന്നു. വത്തിക്കാനിൽ രൂപം കൊടുത്ത നിയമം അനുസരിച്ചാണ് പള്ളികൾ പോർട്ടുഗീസുകാർ ഭരിച്ചുപോന്നത്. ഈ നിയമം അനുസരിച്ച് ലോകത്തിലെ പള്ളികളും പള്ളിവക സ്വത്തുക്കളും മെത്രാന്റേയും അച്ചന്മാരുടേയും ആയിതീർന്നു. ഇതിനെതിരെ കേരളത്തിലെ അത്മായർ വമ്പിച്ച ഒരു പ്രക്ഷോഭണംതന്നെ സംഘടിപ്പിച്ചു. അവർ ആയിരങ്ങളായി പോർട്ടുഗീസ് ഭരണകേന്ദ്രമായിരുന്ന മട്ടാഞ്ചേരിയിൽ എത്തി തങ്ങളും തങ്ങളുടെ പിൻമുറക്കാരും ഉള്ളിടത്തോളം കാലം പൗലസ്ത്യരുടെ (സെന്റ് പോൾസ് സെമിനാരിക്കാർ അതായത് പോർട്ടുഗീസ് ജസ്യൂട്ട് മിഷനറിമാർ) കീഴിൽ ഇരിക്കില്ല എന്ന് സത്യം ചെയ്തു. ഇതാണ് കേരളചരിത്രത്തിലെ സുപ്രധാനമായ കൂനൻകുരിശു സത്യം.

അറബികൾ ഇവിടെയെത്തി സജാതീയരായ മുസ്ലീങ്ങളുമായി ബന്ധപ്പെട്ട് കച്ചവടം നടത്തി. സാമൂതിരിപ്പാടിനെ അറബികളുടെ ചൊൽപ്പ

ടിക്കു നിർത്താൻ കോഴിക്കോട്ടെ മുസ്ലീങ്ങൾ സാമൂതിരിപ്പാടിന്റെമേൽ സമ്മർദ്ദം നടത്തി. പോർട്ടുഗീസുകാരും അതുപോലെ സജാതീയരായ ക്രിസ്ത്യാനികളെ തങ്ങളോടൊപ്പം നിർത്തി കച്ചവടം നടത്തുകയും നാട്ടുരാജാക്കന്മാരെ സ്വാധീനിക്കുകയും ചെയ്യാമെന്നാണ് കരുതിയത്. പ്രാരംഭ നടപടിയായിട്ടാണ് ക്രിസ്ത്യൻ പള്ളികൾ മെത്രാന്മാരുടെയും പാതിരിമാരുടേതുമാണെന്നു പ്രഖ്യാപിച്ചത്. എന്നാൽ കേരളത്തിലെ ക്രിസ്ത്യാനികൾ പോർട്ടുഗീസുകാരുടെ കൊളോണിയലിസത്തിന് ഏറാൻമൂളാൻ തയ്യാറായില്ലെന്നു മാത്രമല്ല ഇന്ത്യയിലാദ്യമായി വിദേശികൾക്കെതിരെ ഒരു വിപ്ലവം - കൂനൻകുരിശുസത്യം - ആരംഭിക്കുകയും ചെയ്തു. സജാതീയരായ ക്രിസ്ത്യാനികളാണ് ഈ സമരം ആരംഭിച്ചതെന്നത് പോർട്ടുഗീസുകാരെ തെല്ലൊന്നുമല്ല അമ്പരപ്പിച്ചത്. ഒരു പക്ഷേ അന്നു ക്രൈസ്തവർ കൂനൻകുരിശുസത്യത്തിലൂടെ പോർട്ടുഗീസുകാരുമായി വഴിപിരിഞ്ഞില്ലായിരുന്നുവെങ്കിൽ ഇന്ത്യ ഒരു പോർട്ടുഗീസ് കോളനിയായിത്തീരുമായിരുന്നു. ഈ വിപ്ലവത്തിനു ക്രിസ്ത്യാനികളെ പ്രേരിപ്പിച്ചത് അവരുടെ ആത്മാഭിമാനവും ദേശീയ ബോധവും ആയിരുന്നു. പോർട്ടുഗീസുകാർ ഇന്ത്യവിട്ടെങ്കിലും അവർ സൃഷ്ടിച്ച പള്ളിഭരണം തുടർന്നുകൊണ്ടേ പോരുന്നു. പോർട്ടുഗീസുകാരല്ലെങ്കിലും വത്തിക്കാൻ നിയമിക്കുന്ന സ്വദേശീയരായ മെത്രാന്മാരും പള്ളിഭരണം തങ്ങളുടേതായി ഏറ്റെടുത്തു. ഇന്നും അതു തുടരുന്നു. ഇതാണ് തിരുവനന്തപുരത്തെ അത്മായയോഗത്തിൽ പൊന്തിവന്ന ചിന്ത.

പള്ളിയും പള്ളിവക സ്വത്തുക്കളും ഇടവകക്കാരുടേതാണ്, അച്ചന്മാരുടേതും മെത്രാന്റേയുമല്ല. ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയിട്ടും പോർട്ടുഗീസുകാർ വിതച്ച കൊളോണിയലിസം ഇന്നും തുടരുകയാണ്. എന്നാൽ ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടപ്പോൾ ആംഗ്ലിക്കൻ പള്ളികൾ ഇവിടുത്തെ വിശ്വാസികൾക്ക് വിട്ടുകൊടുക്കുകയാണ് ഉണ്ടായത്.

സ്വതന്ത്ര ഇന്ത്യയിൽ ഹിന്ദുക്കളുടേയും മുസ്ലീങ്ങളുടേയും സ്വത്തു ഭരിക്കുന്നതിനുവേണ്ടി നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വഖഫ് നിയമവും ദേവസ്വം നിയമങ്ങളും. എന്നാൽ ഗവൺമെന്റ് ക്രിസ്ത്യാനികളുടെ പള്ളി ഭരിക്കുന്നതിനുവേണ്ടി ഒരു നിയമവും ഉണ്ടാക്കാൻ തയ്യാറായില്ല. ഇങ്ങനെ ഒരു നിയമം ഉണ്ടാക്കണമെന്നതായിരുന്നു അൽമായ അസ്സോസിയേഷൻ സ്ഥാപകരുടെ ലക്ഷ്യം.

2009-ൽ കേരള ഗവൺമെന്റ് വി. ആർ. കൃഷ്ണയ്യർ അധ്യക്ഷനായ ഒരു വിപുലമായ കമ്മറ്റിയെ നിയമിക്കുകയും ആ കമ്മറ്റി പള്ളിവകസ്വത്തുക്കൾ എങ്ങനെ ഭരിക്കണമെന്ന് നിയമം ഉണ്ടാക്കുന്നതിനു ശുപാർശ ചെയ്യുകയും ചെയ്തു. എന്നാൽ നിർഭാഗ്യവശാൽ അതു നടപ്പിലാക്കാൻ അന്നത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തയ്യാറായില്ലെന്നുള്ളത് അതീവ ഖേദകരമാണ്.

ക്രിസ്ത്യാനികൾ പല സംഘടനകളിലൂടെയും ഈ ആവശ്യം പിന്നീട് ഉന്നയിച്ചെങ്കിലും ഇന്നും അതു സാധിതപ്രായമായില്ല. ക്രിസ്ത്യാ

നികളുടെ പരമ്പരാഗത പള്ളി ഭരണ സമ്പ്രദായമായ ഇടവകയോഗങ്ങൾ പുനരുദ്ധരിക്കണമെന്നായിരുന്നു കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ട്. എന്നാൽ എന്തുകൊണ്ടാണെന്നറിയില്ല കേരള ഗവൺമെന്റ് ഈ നിർദ്ദേശം നടപ്പിലാക്കാൻ തയ്യാറായില്ല.

കേരള ക്രൈസ്തവരുടെ പള്ളിഭരണത്തിനുള്ള മാർത്തോമ്മായുടെ ഈ നിയമം എന്തുകൊണ്ടാണ് പുനരുദ്ധരിക്കാത്തത് എന്നത് ക്രൈസ്തവർക്ക് ഒരു അത്ഭുതമാണ്. ഇന്നും പള്ളികളെ ഭരിക്കുന്നത് വത്തിക്കാനിൽ രൂപം കൊടുത്ത കാനോൻ നിയമമാണ്. ഇന്ത്യയിലെ സ്ഥാപനങ്ങളുടെ ഭരണം നിയന്ത്രിക്കുന്നത് ഒരു വിദേശ രാഷ്ട്രത്തിന്റെ നിയമമാണെന്ന സത്യം ലജ്ജിക്കേണ്ടതാണ്. വിദേശ ഭരണത്തിനെതിരെ ആദ്യമായി കലാപമുയർത്തിയ കൂനൻകുരിശു സത്യത്തിന്റെ കാർമ്മികരായ ക്രിസ്ത്യാനികളെതന്നെ ഈ വിദേശ ഭരണനിയമം ഭരിക്കപ്പെടുന്നുവെന്നത് ഓരോ ഭാരതീയനും നാണക്കേടാണ്.

ചർച്ച് ആക്ട് നിയമമാക്കാൻ അത്മായർ ഇനിയും മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. അതു നിയമമാക്കിയാൽ തങ്ങൾക്കു നഷ്ടപ്പെടുന്ന അധികാരത്തെ സംബന്ധിച്ച് മെത്രാന്മാരും പുരോഹിതരും വേവലാതിപ്പെടുകയാണ്. ഗവൺമെന്റിനെതിരെ കത്തോലിക്കാ സഭ സമരത്തിനിറങ്ങുമോ എന്ന് ഗവൺമെന്റ് ഭയപ്പെടുന്നു. വേണ്ടിവന്നാൽ ജനങ്ങളോടൊപ്പം നിന്ന് ഈ സമരത്തെ നേരിടാനുള്ള തന്റേടമാണ് ഗവൺമെന്റ് കാണിക്കേണ്ടത്.

ശ്രീ. വി. ആർ കൃഷ്ണയ്യർ അതിപണ്ഡിതനായ ഒരു അഡ്വക്കേറ്റാണെങ്കിലും ഈ നിയമത്തിന്റെ ക്രോഡീകരണത്തിൽ ചില പാകപ്പിഴകൾ വന്നുഭവിച്ചിട്ടുണ്ട്. അത് തിരുത്തിവേണം ഗവൺമെന്റ് ചർച്ച് ആക്ട് പാസ്സാക്കാൻ. ഉദാഹരണത്തിന് 4 definitios(i) "Christian" means a person who believes in Jesus Christ as his Lord and Saviour" ഈ നിർവചനം ശരിയല്ല. ക്രിസ്തുവിനെ ദൈവവും കർത്താവുമായി സ്വീകരിക്കുന്നവരെല്ലാം ക്രിസ്ത്യാനികളല്ല. നേരെമറിച്ച് വിശ്വാസപ്രഖ്യാപനം നടത്തി മാമ്മോദീസ സ്വീകരിച്ച് ഓരോ സഭയിലും അംഗമാകുന്നവരാണ് ക്രിസ്ത്യാനികൾ. കേരളത്തിൽ വിവിധ സഭകൾ ഉണ്ട്; റോമൻ കത്തോലിക്കാ, ഓർത്തഡോക്സ്, മാർത്തോമാ, യാക്കോബായ, സി.എസ്.ഐ, പെന്തക്കോസ്ത്. ഈ സഭകളിലോരോന്നിലും അംഗമാകുന്നതിന് അതതുസഭകളിലെ മാമ്മോദീസാ ആവശ്യമാണ്. ഈ ഓരോ സഭയ്ക്കും അവരുടേതായ വിശ്വാസ പ്രമാണങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള ക്രിയയാണ് മാമ്മോദീസ. അതുപോലെതന്നെ ഈ മാമ്മോദീസാ മുങ്ങുന്ന ഓരോ വിശ്വാസിയും ഓരോ ഇടവകയിൽ അംഗങ്ങളായിതീരുന്നു. ഇടവകയിൽ അംഗമാകുമ്പോൾതന്നെ പ്രാദേശിക സഭയിൽ അംഗമാകുന്നു. ഇങ്ങനെ മാമ്മോദീസാ മുങ്ങി സഭാംഗങ്ങളാകുന്നവർ പ്രാദേശികമായി ഓരോ ഇടവകാംഗങ്ങളാകുന്നു. അവർക്ക് അവരുടേതായ പള്ളികളും ഉണ്ടാകാം. ഈ പള്ളികൾ ഓരോ ട്രസ്റ്റിന്റെ കീഴിലായിരിക്കും.

# ദൈവകൃപയോ തട്ടിപ്പോ?

## ചില നൂതന സഭാ സംഭവങ്ങളുടെ സൂചന

**ജയിംസ് ഐസക്**

ദീപിക ദിനപത്രവും രാഷ്ട്രദീപികയും കേരളത്തിലെ കത്തോലിക്കർ വായിക്കുന്ന പത്രങ്ങളാണ്. ഒരു കത്തോലിക്കാ അതിരൂപതയുടെ വികാരി ജനറാൾ ദീപികയുടെ മാനേജിംഗ് ഡയറക്ടർ ആണ്. പത്ര വാർത്തകൾ വായനക്കാർ സത്യവിശ്വാസം പോലെ സ്വീകരിക്കേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ.

2017 മാർച്ച് 2-ലെ രാഷ്ട്രദീപികയിൽ ഒരു ഫുൾ പേജ് റിപ്പോർട്ട് ബിലീവേഴ്സ് ചർച്ച് പി. ആർ ഒ.യുടെ പ്രസ്താവനയുണ്ട്. ഒപ്പം ചേർത്തിരിക്കുന്ന കളർ ഫോട്ടോകൾ കേരളത്തിലെ കത്തോലിക്കാ സഭ ഒഴിച്ചുള്ള എപ്പിസ്കോപ്പൽ സഭാദ്ധ്യക്ഷന്മാരുടെയും രാജ്യസഭാ ഡെപ്യൂട്ടി സ്പീക്കർ പി. ജെ. കുര്യന്റെയും പത്തനംതിട്ട എം.പി. ആന്റോ ആന്റണി എന്നിവരുടേതും ആണ്. ബിലിവേഴ്സ് ചർച്ചിൽ 12 എപ്പിസ്കോപ്പമാരെ വാഴിക്കുന്നു എന്നതാണു ദൈവകൃപയുടെ തണലിൽ നടക്കുന്ന സംഭവം.

2003-ൽ സ്ഥാപിതമായ ബിലിവേഴ്സ് ചർച്ച് അപ്പസ്തോലിക പാരമ്പര്യം ഉൾക്കൊള്ളുന്ന ക്രിസ്തീയ സഭയാണെന്നും അതിനുള്ള അടിസ്ഥാനകാരണങ്ങൾ ഏവയെന്നും റിപ്പോർട്ടിൽ വായിക്കാം. പുരാതന കാലം മുതൽ ക്രിസ്തീയ സഭയിൽ മെത്രാന്മാരെ വാഴിച്ചിരുന്നത് ശ്ലീഹന്മാരുടെ കൈവയ്പിന്റെ പിൻതുടർച്ചാവകാശമുള്ള സഭാദ്ധ്യക്ഷന്മാർ വഴി ആയിരുന്നു. 2003-ൽ മാർതോമ്മാ സഭയിൽ സുവിശേഷകനായി സേവനം അനുഷ്ഠിച്ചിരുന്ന കെ. പി. യോഹന്നാനു കൈവയ്പു നൽകി അനുഗ്രഹിച്ചവരിൽ ഒരാൾ സി. എസ്.ഐ സഭയുടെ മേലുകാവ് ഡയോസിസിലെ ബിഷപ്പായിരുന്നു. സി. എസ്. ഐ സഭയിലെ മേലദ്ധ്യക്ഷന്മാർക്കു പത്രോസിന്റെ പിൻഗാമിത്തമുള്ള കത്തോലിക്കാ സഭാദ്ധ്യക്ഷന്മാരിൽനിന്നു കൈവയ്പ് പരമ്പരാഗതമായി കിട്ടി എന്നും റിപ്പോർട്ടിൽ വായിക്കുന്നു. കേരളത്തിലെ സഭാ ചരിത്രം അറിയുന്നവർ ഈ വാദഗതി അംഗീകരിക്കുമോ? ദീപികയുടെ വിശദീകരണം എന്തായിരിക്കും?

കൂനൻകുരിശു സത്യത്തിനുശേഷം വേർപെട്ടുപോയവർക്കു ശ്ലൈഹിക പാരമ്പര്യം നഷ്ടപ്പെട്ടതും പിന്നീടു അന്ത്യോക്യയിൽ നിന്നും വന്ന ഒരു മെത്രാൻ കൈവയ്പ് നൽകിയെന്നും ചരിത്രമുണ്ട്. വീണ്ടും പലവട്ടം വേർപാടു സംഭവിച്ചശേഷം ഇംഗ്ലണ്ടിൽനിന്നു വന്ന പാശ്ചാത്യ മിഷനറിമാരാണ് ഇവിടെ സി.എസ്,ഐ സഭ ആരംഭിച്ചത്. ഇവരുടെ മെത്രാന്മാർക്കു റോമിൽനിന്നുള്ള കൈവയ്പിന്റെ പിൻതുടർച്ചാവകാശം ഉണ്ടെന്നുള്ള അഭിപ്രായത്തോടു മറ്റ് എപ്പിസ്കോപ്പൽ സഭകളും ദീപികയുടെ

കത്തോലിക്കാ പൗരോഹിത്യ ശുശ്രൂഷിയായ മാനേജിംഗ് ഡയറക്ടറും എത്രമാത്രം യോജിക്കുന്നുവെന്നും അറിയാൻ ആഗ്രഹമുണ്ട്. ഒരു ദീപിക വായനക്കാരൻ എന്ന നിലയിൽ ഈ ചോദ്യം ഉന്നയിക്കുന്നു. 2003-ൽ അഭിവന്ദ്യ കെ. പി. യോഹന്നാനു മെത്രാപ്പോലീത്താ സ്ഥാനം ലഭിച്ച തിനു കോടികൾ പ്രതിഫലം നൽകിയെന്ന ഒരു കേട്ടുകേൾവിയും ഉണ്ട്. ക്രിസ്തീയ പാരമ്പര്യത്തിൽ പണം നൽകി കൈവയ്പു സ്വീകരിക്കു ന്നത് അംഗീകരിച്ചിട്ടുണ്ടോ? ബൈബിൾ വായിക്കുന്നവർ ഇത് അംഗീക രിക്കുമെന്നു തോന്നുന്നില്ല.

ബിലിവേഴ്സ് ചർച്ചിനു ലോകമെങ്ങുമായി 27 ലക്ഷം വിശ്വാസികൾ ഉണ്ടത്രേ! അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഈ സഭ ഇന്ത്യയിലെ ക്രൈസ്തവ സഭയുടെ മൊത്തം ശതമാനം ഉയർത്തുമോ? ഏഷ്യയിലെ ഏറ്റം വലിയ ആശുപത്രിയും മെഡിക്കൽ കോളജും സ്വന്തമായുള്ള ബിലിവേഴ്സ് ചർച്ചിന് ആത്മീയയാത്ര എന്ന പേരിൽ ആധുനിക സജ്ജീ കരണങ്ങളുള്ള ടി.വി.ചാനലും സ്വന്തമായുണ്ട്. ഫാ. മാണി പുതിയിടം, പ്രൊഫ. മാത്യു ഉലകംതറ, ഫാ. ജോസഫ് പുത്തൻപുര എന്നീ കത്തോ ലിക്കരായ പ്രമുഖ വ്യക്തികളേയും ടി. വി. പ്രഭാഷകരായി കാണാറുണ്ട്. കത്തോലിക്കാ സഭ ഉൾപ്പെടുന്ന എപ്പിസ്കോപ്പൽ സഭാ ഗ്രൂപ്പിൽ ബിലി വേഴ്സ് ചർച്ച് ഉൾപ്പെടുന്നുണ്ടോ എന്നും അറിയാൻ ആഗ്രഹിക്കുന്നു. എപ്പിസ്കോപ്പൽ സഭാ ഗ്രൂപ്പ് എന്നാൽ വെട്ടിപ്പു സംഘം എന്നാണോ അർത്ഥം?

ഇന്ത്യയിൽ മോദിയുടെ അടുത്ത സുഹൃത്തായ ഒരു സന്യാസിയുടെ കാവി ഉടുപ്പും താടിമീശയും പ്രകടിപ്പിക്കുന്ന മുഖം ട്രേഡ്മാർക്ക് ആയി നിത്യോപയോഗ സാധനങ്ങളുടെ വൻ വ്യവസായം പൊടിപൊടിക്കുന്നു. സന്യാസിയുടെ ചിത്രം ഗോതമ്പുമാവു മുതൽ ഷേവിംങ്ക്രീം വരെ വിറ്റ ഴിക്കാൻ പ്രേരകമാകുന്നു. ഇതും ഒരു തട്ടിപ്പ്.

എപ്പിസ്കോപ്പൽ സഭാ പാരമ്പര്യം ഒരു ആധുനിക ബിസിനസ് തട്ടി പ്പല്ലേ എന്ന് ചിന്തിച്ചുപോകുന്നു. പെന്തക്കോസ്തൽ സഭാ വിഭാഗങ്ങ ളാണ് പരിശുദ്ധാത്മാവിന്റെ അഭിഷേകം എന്നു പറഞ്ഞ് അത്ഭുത രോഗ ശാന്തിയും കൃപാവരവും മൊത്തമായി ഡീൽചെയ്തിരുന്നത്. കരിസ്മാ റ്റിക്കുകാരും ഇത് അനുകരിച്ചു. എങ്കിലും ചുവന്ന കുപ്പായവും മുതല വായൻ തൊപ്പിയും അംശവടിയും ആഘോഷമായ കൈവയ്പ്പു ശുശ്രൂ ഷയും വഴി ജനങ്ങളുടെ വിശ്വാസം നേടാമെന്ന പുതിയ കണ്ടുപിടുത്തം ഇവിടെ ഇനിയും വലിയ മാറ്റങ്ങൾ വരുത്തും. ഒരു പക്ഷേ പെന്ത ക്കോസ്തു പാസ്റ്റർമാരും ഈ പുതിയ മാർഗം സ്വീകരിച്ചേക്കും. കാത്തി രുന്നു കാണാം. ഒരു വലിയ പ്രവചനം വിശുദ്ധ ഗ്രന്ഥത്തിൽ വായിക്കാം. അവസാനകാലത്ത് കള്ള പ്രവാചകന്മാർ ഉണ്ടാകുമെന്ന പ്രവചനം സത്യ മെന്നു രാഷ്ട്രദീപികയിലെ വാർത്ത തെളിയിക്കുന്നു.

●●

# കല്ലു നിലത്തിടുക

ജനക്കൂട്ടം വേശ്യയായ ഒരു സ്ത്രീയെ പിടികൂടി കല്ലെറിയുന്നതിന് ക്രിസ്തുവിന്റെ അടുക്കൽ കൊണ്ടുചെന്നു. ക്രിസ്തു അവരോടു പറഞ്ഞു. കുറ്റമില്ലാത്തവർ കല്ലെറിയട്ടെ. പരീശരുടെ കയ്യിൽനിന്നും കല്ലുകൾ താനേ നിലത്തുവീണു. ആ സ്ത്രീയോട് ക്രിസ്തു പറഞ്ഞു. ഞാനും നിന്നെ വിധിക്കുന്നില്ല. ഭാവിയിൽ പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കുക.

അടുത്തയിടെ കൊട്ടിയൂരിൽ ഒരു വിദ്യാർഥിനിയെ വൈദികൻ ഗർഭിണിയാക്കിയ സംഭവം പത്രങ്ങളിൽ വന്നു. വൈദികൻ അറസ്റ്റുചെയ്യപ്പെട്ടു. ഇത്തരുണത്തിൽ എന്റെ മനസ്സ് വർഷങ്ങൾ പിന്നിലേക്ക് പാഞ്ഞു.

ഒരു സുഹൃത്ത് എന്നെ സമീപിച്ച് ഒരാൾക്ക് എന്നെ കാണണമെന്നും സംസാരാനുമതി നൽകണമെന്നും ആവശ്യപ്പെട്ടു. ഞാൻ സമ്മതിച്ചു. പിറ്റേദിവസം ഒരു യുവാവുമായി ആ സുഹൃത്ത് എന്റെ അടുക്കലെത്തി. സുഹൃത്ത് അപരനെ പരിചയപ്പെടുത്തി. അന്ന് ചങ്ങനാശ്ശേരിയിൽ വളരെ പ്രചാരം ലഭിച്ചിരുന്ന ഒരു വ്യഭിചാരകഥയിലെ നായകൻ. ഞാൻ ഒന്നു ഞെട്ടി. എങ്കിലും സുസ്മേരവദനനായി അദ്ദേഹം തന്റെ പേരു പറഞ്ഞ് എന്നെ പരിചയപ്പെടുത്തി. പത്രങ്ങളിലും പൊതുജനസംസാരത്തിലും പ്രസിദ്ധനായ ഒരു കത്തോലിക്കാ വൈദികൻ. അദ്ദേഹം എന്നോടു പറഞ്ഞു. സാർ എന്നെ കല്ലെറിയുന്നതിനുമുമ്പ് എന്റെ കഥ സാർ കേൾക്കണം. ഞാൻ ശാന്തനായി അദ്ദേഹത്തിന്റ കഥ കേൾക്കാൻ തയ്യാറായി.

അദ്ദേഹം ചോദിച്ചു: സാർ വിവാഹിതനാണല്ലോ. സാറിന്റെ അടുക്കൽ 16 വയസ്സുള്ള ഒരു പെൺകുട്ടി പ്രണയവായ്പോടെ വരുകയും മടിയിലിരുന്ന് ഉമ്മതരുകയും ചെയ്താൽ സാർ എന്തു ചെയ്യും? ഞാൻ അയാളെ സൂക്ഷ്മമായി വീക്ഷിച്ചു. അയാൾ പറഞ്ഞു എനിക്ക് ഇതാണ് സംഭവിച്ചത്. പത്രത്തിൽ വന്ന വാർത്ത ശരിയാണ്. ആ പെൺകുട്ടി എന്നിൽനിന്നും ഗർഭിണിയായി. ഞാനവളെ തള്ളിപ്പറഞ്ഞില്ല. അവളെ വിവാഹം ചെയ്യാൻ ഞാൻ തയ്യാറായിരുന്നു. അതിന് എനിക്ക് അനുമതി കിട്ടിയില്ല. പെൺകുട്ടി പ്രസവിച്ചു കുട്ടി എവിടെയാണെന്നറിഞ്ഞുകൂടാ. ഞാൻ ചെയ്ത തെറ്റിന് പരിഹാരമായി വിവാഹം ചെയ്തുകൊള്ളാമെന്ന് പറഞ്ഞത് അവൾക്ക് സമ്മതമായിരുന്നു. പക്ഷേ അവളുടെ മാതാപിതാക്കൾ സമ്മതിച്ചില്ല. സഭാധികാരവും സമ്മതിച്ചില്ല. ഞാൻ എന്തു തെറ്റു ചെയ്തു. കുറ്റമില്ലാത്തവർ കല്ലെറിയട്ടെ. അദ്ദേഹം ആ ചരിത്രം മുഴുവൻ എന്നോടു പറഞ്ഞു. അദ്ദേഹം വീണ്ടും ആവർത്തിച്ചു. കുറ്റമില്ലാത്തവർ കല്ലെറിയട്ടെ.

എന്റെ കയ്യിൽ ഒതുക്കി വെച്ചിരുന്ന കല്ല് ഞാൻ നിലത്തിട്ടു. ഈ സംഭവത്തെക്കുറിച്ച് വൈദികനെ കുറ്റപ്പെടുത്തി ഞാനെഴുതിയ ലേഖനങ്ങൾക്ക് മൂർച്ച കുറഞ്ഞുപോയി എന്ന് പലരും രഹസ്യമായെങ്കിലും എന്നോട് അന്നു പറഞ്ഞു. സത്യമറിഞ്ഞ എനിക്ക് നിശബ്ദനാകേണ്ടിവന്നു.

ഇപ്പോൾ പല വൈദികരും പെൺകുട്ടികളെ പീഢിപ്പിക്കുന്നു എന്ന് പത്രത്തിൽ വരാറുണ്ട്; കുറ്റപ്പെടുത്താറുമുണ്ട്. പലരും ധൃതിയിൽ എറിയാൻ

കല്ലെടുക്കുന്നുമുണ്ട്. കൊട്ടിയൂർ സംഭവം ഇങ്ങനെ ഒന്നാണ്. ആ പെൺകുട്ടി ഗർഭിണിയായി പ്രസവിച്ചു എന്ന വിവരം ആരും നിഷേധിക്കുന്നില്ല. അതിനുകാരണക്കാരൻ പുരോഹിതനാണോ അതോ ആ പെൺകുട്ടി തന്നെയാണോ എന്ന് ആരും തിരക്കാറുമില്ല. എല്ലാവരും കല്ലു തിരയുകയാണ്.

ഈ ലേഖനം എഴുതുമ്പോൾ എന്നെ കല്ലെറിയുന്നതിന് ധാരാളം പേർ കല്ലെടുക്കുമെന്ന് എനിക്കറിയാം. കാരണം എന്നിൽനിന്നും ജനം പ്രതീക്ഷിക്കുന്നത് ശക്തവും രൂക്ഷവുമായ ഒരു വിമർശനമാണ്. ആ വൈദികനെ കല്ലെറിയുന്നതിന് ഞാൻ മുൻനിരയിൽ കാണണമെന്നാണ് പലരും ആഗ്രഹിക്കുന്നത്. പക്ഷേ ഒരു ചോദ്യം എന്റെ മനസ്സിലുണ്ട്. ആ ചോദ്യത്തിനു ഉത്തരം കാണാൻ എനിക്കു കഴിയില്ല. ഇതിനു കുറ്റക്കാരൻ കൊട്ടിയൂർ പള്ളിയിലെ വൈദികനാണോ, അദ്ദേഹത്തിനു പ്രേരണ നലകിയത് പെൺകുട്ടിയാണോ എന്ന് വിധിക്കാൻ എനിക്കു കഴിയില്ല. അതോ പ്രകൃതി വിരുദ്ധമായി ആ പുരോഹിതന്റെ മേൽ കെട്ടിവെച്ച ബ്രഹ്മചര്യമാണോ ഇതിനുകുറ്റക്കാരൻ എന്ന് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. സത്യത്തിൽ പ്രകൃതി വിരുദ്ധമായ ഒരു നിയന്ത്രണം ഈ പുരോഹിതന്റെമേൽ കെട്ടിവച്ച സഭയാണ് യഥാർഥ കുറ്റക്കാരൻ.

ഇതുപറയുമ്പോൾ പലരും നെറ്റിചുളിച്ചേക്കാം. കത്തോലിക്കാസഭയുടെ നിയമമനുസരിച്ച് ഒരു പുരോഹിതനും വിവാഹിതനാകാൻ പാടില്ല. എന്നാൽ പൗരസ്ത്യസഭയിൽ പുരോഹിതൻ വിവാഹം കഴിക്കുന്നതിനെ എതിർക്കാറില്ല. ലത്തീൻ സഭയിലാണ് പുരോഹിതൻ വിവാഹം കഴിച്ചുകൂടാ എന്ന നിയമം നിലവിലുള്ളത്. കൂനൻ കുരിശുസത്യത്തോടുകൂടി റോമൻ കത്തോലിക്കാ സഭയുമായി വേർപിരിഞ്ഞ ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ സഭകളിലെ പുരോഹിതർക്ക് വിവാഹം കഴിക്കാവുന്നതാണ്. ലത്തീൻ സഭയുടെ നിയമം സ്വീകരിക്കാൻ വ്യക്തിസഭയായ സീറോമലബാർ സഭയ്ക്ക് കടമയില്ല. ഈ സാഹചര്യത്തിൽ ലൈംഗികബന്ധം പൂർണമായും നിരസിച്ചുകൊണ്ടുള്ള സീറോ മലബാർ സഭയുടെ നിയമം മാറ്റപ്പെടേണ്ടതാണ്. ഇന്ന് യാക്കോബായ സഭയിലും ഓർത്തഡോക്സ് സഭയിലും വിവാഹിതരായ പുരോഹിതരുണ്ട്. ഇതൊന്നും അവരുടെ ക്രൈസ്തവികതയെ വിലകുറച്ചുകാണാൻ കാരണമായിട്ടില്ല. അങ്ങനെയെങ്കിൽ എന്തുകൊണ്ട് സീറോമലബാർ സഭയിലെ പുരോഹിതരെ വിവാഹം കഴിക്കാൻ അനുവദിച്ചുകൂടാ?

ബൈബിളിൽ പുരോഹിതൻ വിവാഹിതനാകരുതെന്നു ഒരു ശാസനയുമില്ല (പുതിയനിയമം). ക്രിസ്തുവിന്റെ ശിഷ്യന്മാരെല്ലാം വിവാഹിതരായിരുന്നു എന്നു കാണാം. വിവാഹിതർക്കെതിരെ ക്രിസ്തു ഒരക്ഷരവും പറഞ്ഞിട്ടില്ല. ആദിമസഭയിൽ പല സഭകളും വീടുകളിലാണ് സമ്മേളിച്ചിരുന്നതെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ വൈദികർ വഴിവിട്ട ലൈംഗികബന്ധത്തിന് പോകുന്നതിനെ തീർത്തും കുറ്റംപറയാനാകില്ല. അതിനുകുറ്റക്കർ ആ നിയമദാതാക്കളാണ്.

□□

# പ്രമേഹരോഗി ചികിത്സാ സഹായപദ്ധതി

ഗുഡ്സമരിറ്റൻ പ്രോജക്ട് ഇന്ത്യ ഓശാനമൗണ്ടിൽ നടത്തുന്ന പ്രമേഹരോഗി ചികിത്സാ സഹായപദ്ധതിയിലേക്ക് ഡിസംബർ ലക്കം ഓശാനയിൽ സംഭാവന ആവശ്യപ്പെടുകയുണ്ടായല്ലോ.

2011 നവംബർ മാസത്തിൽ ആരംഭിച്ച ഈ പദ്ധതിയിലേക്ക് ഓശാന വായനക്കാരും മറ്റുള്ളവരുംകൂടി 2017 മാർച്ച് 31-ാം തീയതി വരെ 5,29,784/- രൂപ സംഭാവനയായി തന്നു എന്ന് സന്തോഷ ത്തോടെ അറിയിക്കട്ടെ.

എല്ലാ ഓശാന വായനക്കാരും സുഹൃത്തുക്കളും ബന്ധുക്കളും ഈ ഫണ്ടിലേക്ക് കഴിവനുസരിച്ച് സംഭാവന നൽകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

ചെക്ക്, ഡ്രാഫ്റ്റ്, മണിഓർഡർ എന്നിവ അയക്കുന്നവർ Good Samaritan Project India, Hosanna Mount, Edamattom P. O., Kottayam - 686 578 എന്ന പേരിൽ അയക്കുക.

ബാങ്കു വഴി അയക്കുന്നവർ GSPI യുടെ പേരിൽ State Bank of Travancore Pala Branch, A/c No. 67013211342, Bank Code - SBTR 0000120, South Indian Bank, Bharananganam Branch, A/c No. 0010053000005587, Bank Code - SIBL 0000010,Catholic Syrian Bank, Pala A/c No. 0153-02902944-190001, Bank Code CSBK 0000153 എന്ന നമ്പരുകളിൽ ഏതെങ്കിലും ഒന്നിൽ അയക്കുക. ബാങ്കുവഴി അയക്കുന്നവർ അവരുടെ അഡ്രസ്സും ബാങ്കിന്റെ പേരും എന്നാണ് ബാങ്ക് ട്രാൻസ്ഫർ നടന്നതെന്നുമുള്ള വിവരം നിർബ ന്ധമായും അറിയിക്കണം. Phone No. 04822- 236907, 9495586102; E-Mail Address : hosannamountinfo@gmail.com. രസീത് ആ അഡ്രസ്സിൽ അയയ്ക്കുന്നതായിരിക്കും.

എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്

ജോസഫ് പുലിക്കുന്നേൽ

'Registered' RNI Reg.No.27480/1975

HOSANA


## IICS പ്രസിദ്ധീകരണങ്ങൾ

1. Acts and Decrees of the Synod of Diamper Rs.150
2. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ (രണ്ടാം പതിപ്പ്) എഡിറ്റർ : ഡോ.സ്കറിയ സക്കറിയ Rs.100
3. വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്) Rs.125
4. മാനിക്കേയൻ കുരിശു വിവാദം - വിവിധ ലേഖകർ Rs. 50
5. Personal Names of Kerala Christians ഡോ. എ.എം.മേരിക്കുട്ടി Rs.100
6. ഓശാനയുടെ 25 വർഷം: വിലയിരുത്തലുകൾ -വിവിധ ലേഖകർ Rs.80
7. ഉദയംപേരൂർ സൂനഹദോസ് ഒരു ചരിത്രവിചാരണ - " Rs.50
8. പ്രൈവറ്റ് കോളജധ്യാപകന്റെ സ്മരണകൾ (രണ്ടാം പതിപ്പ്) ജോസഫ് പുലിക്കുന്നേൽ Rs.80
9. കേരള ക്രൈസ്തവചരിത്രം - വിയോജനക്കുറിപ്പുകൾ " Rs. 70
10. കാനോൻ നിയമത്തിലെ കാണാച്ചരടുകൾ " Rs. 80
11. Identity of Nazrani Church of Kerala " Rs. 75
12. ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ " Rs.125
13. പേപ്പസി - ചരിത്രപരമായ ഒരു പഠനം " Rs. 50
14. RSS-Christian Perspective Meet-a team of Speakers Rs.100
15. The Liturgy, Hierarchy & Spirituality of St.Thomas Christians in the Pre-portuguese period - a study Joseph Pulikunnel Rs. 25
16. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം ഒന്ന്) -ജോസഫ് പുലിക്കുന്നേൽ Rs.120
17. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം രണ്ട്) " Rs.120
18. യേശുവും സഭയും -ജോർജ് മൂലേച്ചാലിൽ Rs. 80

## ലഘുഗ്രന്ഥങ്ങൾ

1. നമ്മുടെ കത്തനാരന്മാർ കൽദായകുർബാന ചൊല്ലിയിരുന്നോ? Rs.3
2. അൽമായ-പുരോഹിത സംവാദം (ഒരു സംഘം അൽമായ-പുരോഹിത ലേഖകർ) Rs. 10